പാരീഷ് ബുള്ളറ്റിൻ

# ഇടയൻ

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളി

ജൂൺ 2022



Chavara
Matrimony.com
Connecting Hearts
since 1996




ചങ്ങനാശ്ശേരി 99957 77568

Chavara Family Welfare Centre, H.O Chavara Cultural Centre, Kochi
99617 44444 | 0484 4080333 | 1800 103 4080
26 Branches in Kerala, Bangalore, Coimbatore, Mumbai & Delhi

# പാരീഷ് ബുള്ളറ്റിൻ

# ഇടയൻ



ജൂൺ 2022
ലക്കം 2
വാല്യം 8

*മാനേജിംഗ് എഡിറ്റർ:*
**വെരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ**
9447359521

*ചീഫ് എഡിറ്റർ:*
**റവ. ഫാ. റ്റോണി കരിക്കണ്ടം**
7025791487

*എക്സി. എഡിറ്റേഴ്സ്:*
**റവ. ഫാ. അലൻ വെട്ടുകുഴിയിൽ**
7012116384
**റവ. ഫാ. റ്റോബി പുളിക്കാശേരി**
9446700163
**റവ. ഫാ. മാത്യു മറ്റം**
9847660057

*കൈക്കാരന്മാർ:*
**ആന്റണി ആന്റണി പുന്നശ്ശേരി**
**തോമസ് കെ. ആന്റണി കാട്ടടി**
**ഷിബിൻ ആന്റണി കറുകയിൽ**

*കമ്മറ്റിയംഗങ്ങൾ:*
**ഡോ. ജെ.ജി. റേ**
**ഡോ. സോണി കണ്ടങ്കരി**
**ജോസ് കാട്ടടി**
**റ്റോജോ പടനിലം**
**വിന്നിച്ചൻ കല്ലൂക്കളം**

*പാരിഷ് കൗൺസിൽ സെക്രട്ടറി:*
**കൊച്ചുറാണി പനച്ചിക്കൽ**

Layout & Printing:-
St. Joseph Orphanage Press
Changanacherry
Ph: 0481 2410101
E-mail: sjopresschry@gmail.com

## താളുകൾ മറിക്കുമ്പോൾ

മുഖമൊഴി 05


06 വികാരിയച്ചന്റെ സന്ദേശം
കാലത്തെ അതിജീവിച്ച അജപാലകൻ 08


10 കരുണയുടെ കരമായ് പരി. കുർബാനയോടൊപ്പം
ദിവ്യകാരുണ്യത്തിൻ നറുപുഷ്പം 15


16 വേദപ്രചാരവേല: ധന്യൻ മാർ തോമസ് കുര്യാളശ്ശേരിപിതാവിന്റെ ദർശനവും പ്രവർത്തനവും
ധന്യപിതാവിന്റെ മാധ്യസ്ഥ്യം തേടി 29




50 years of grace

"I know the one in whom
I have put my trust"
(2 Timo. 1:12)

# Golden Jubilee of RELIGIOUS PROFESSION

**Sr. Ancy SCJM Chackalayil**
Sisters of Charity of Jesus and Mary
Ranchi Province, Jharkhand

## യാത്രാമംഗളങ്ങൾ...




കഴിഞ്ഞ 6 വർഷം
ധന്യൻ മാർ തോമസ് കുര്യാളശ്ശേരിയുടെ
നാമകരണ നടപടികളുടെ
റോമൻ പോസ്റ്റുലേറ്ററായി സേവനം ചെയ്ത
**സി. ഡോ. തെരേസാ
നടുപ്പടവിൽ SABS**

## അഭിനന്ദനങ്ങൾ...



ചങ്ങനാശേരി ഫൊറോന കുടുംബക്കൂട്ടായ്മ
ജനറൽ കൺവീനർ ആയി തെരഞ്ഞെടുക്കപ്പെട്ട
**ശ്രീ. ജോബി തൂമ്പുങ്കലിന്**
കത്തീഡ്രൽ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ..
ചങ്ങനാശേരി അതിരൂപത കുടുംബക്കൂട്ടായ്മ
കേന്ദ്രകമ്മിറ്റി അംഗവും മെത്രാപ്പോലീത്തൻ ഇടവക
കുടുംബക്കൂട്ടായ്മ ജനറൽ കൺവീനറുമായി
ശുശ്രൂഷ ചെയ്തുവരുന്നു..





Mary Rani School was started in 1993 by the Adoration Sisters. This is an un-aided English Medium School which follows the CBSE Curriculum.

## WHAT MAKES US DIFFERENT

**Technology enabled classrooms**
**Guidance & Councelling Cell**
**Well experienced & Dedicated staff**
**Career Oriented Programmes**
**Modernized computer & science labs**
**Excellent coaching in Basketball, Football, Cricket & Badminton**
**Hostel for Boys & Girls**

## COURSES OFEERED (PLUS ONE)

**PCMB** (Eng, Phy, Che, Maths, Bio)
**PCMC** (Eng, Phy, Che, Maths, Comp)
**Comm/IP** (English, Accountancy, Business S,Eco, IP )
**Comm/Maths** (Eng, Accountancy, Business S, Eco, Maths)
**Bio/Mal** (Eng, Phy, Che, Mal, Bio)
**Bio/Comp** (Eng, Phy, Che, Mal, Comp)
**Bio/Hindi** (English,Physics, Chemistry, Hindi, Biology )
**Bio/ Physical Education** (English, Physics, Chemistry, Physical Education, Biology)



# MARY RANI PUBLIC SCHOOL & JUNIOR COLLEGE

(Affiliated to CBSE, New Delhi, Affiliation No. 930377)
**Laikad, Perunna P.O, Changanassery. Ph:0481-2400699**
**Email : maryranischool@yahoo.co.in Website:www.maryranipublicschool.edu.in**

"Love, Sacrifice,Service"

# ബഥനി ബൈബിൾ പഠനക്ലാസ് (VBS)

**മെയ് 16, 17, 18**



















കാൻസർ രോഗനിർണയ ക്യാമ്പ് ഉദ്ഘാടനം - മെയ് 13, 2022



പ്രോലൈഫ് - മാർച്ച് 25, 2022






മാർ തോമസ് കുര്യാളശേരി പിതാവിന്റെ 97-ാം ചരമവാർഷികാഘോഷം - മെയ് 26

# ARCHBISHOP KAVUKATTU MEMORIAL PUBLIC SCHOOL & JUNIOR COLLEGE

**Affiliated to CBSE, New Delhi. Reg.No. 930862**

BY PASS ROAD, MORKULANGARA, CHANGANACHERRY - 3

**Ph : 0481 - 2402161, 8848682677**

email : akmschoolchrry@gmail.com, Website : www.akmpublicschool.in

**ADMISSION**

**Play Class, KG to Class IX and Class XI Science & Commerce**



## Our Specialities

- Dedicated & Experienced Staff
- Technology enabled class rooms with interactive Digiboard Systems
- Modernized Computer Lab, Maths Lab, Science Labs & Library
- CCTV Surveillance of whole campus
- Daily SMS System
- Transportation facilities
- Kids Park

**Cricket Coaching by KCA and Basketball Coaching by KBA**

# സ്നേഹസ്മരണയ്ക്ക്





**പി.ഡി. ആന്റണി**

മരണം : 21-10-1987

**ആലീസ് ആന്റണി**

മരണം : 10-11-2010

**പുളിമൂട്ടിൽ, വാഴപ്പള്ളി**


*Inserted by:*

**പുളിമൂട്ടിൽ ഒപ്റ്റിക്കൽസ്**

COMPUTERISED EYE TESTING AND CONTACTLENS CLINIC

പെരുന്ന പെട്രോൾ പമ്പിന് എതിർവശം,
എം.സി. റോഡ്, ചങ്ങനാശേരി
ഫോൺ: 0481-2411193, 9447810180, 7034776500


# *In Loving Memory of*





**DEVASIA ANTONY**
Born on: 18.04.1927
Died on: 10.02.1996

**ANNAMMA ANTONY**
Born on: 24.09.1930
Died on: 06.07.2019

**PUNNASSERY, VAZHAPPALLY**

# പാവനസ്മരണയ്ക്ക്



## കെ.പി. അന്തോനിച്ചൻ

കരിങ്ങട, ചങ്ങനാശേരി


THOMSONS
MATTRESSES
Durable
Anti Microbacterial
Hygienic
Medium Firm
ഇനി
നടുവ് നിവർത്തി
ഉറങ്ങാം
zzZ
SPINEREST
SOFT SUPPORT
ORTHOPAEDIC MATTRESS
INDUSTRY LEADING
5 YEAR WARRANTY
PRICE STARTS @₹7800/-*
*Price mentioned is for single size. Price is inclusive of all Taxes
7/133 Ayyarukulangara Enterprises,
Market Road, Changanacherry-686101
+91 8089351893
+91 96337 51893




ST. RITA'S
HOSPITAL
NALUKODY
A Better Healthcare Experience

# ST. RITHA'S HOSPITAL

Nalukody, Changanacherry
Kerala- 686548
Web: stritashospital.com
Email: stritashospital12@gmail.com

## SPECIALITIES

Skin Specialist
Physiotherapy
Laparoscopic

Gynaecology
Skin Specialist
ENT

Dental
Urology
AYURVEDA



ഈശോമിശിഹായിൽ സ്നേഹം നിറഞ്ഞവരേ,

ചങ്ങനാശേരി അതിരൂപതയുടെ പ്രഥമാദ്ധ്യക്ഷനും പരിശുദ്ധ കുർബാനയുടെ ആരാധനാ സന്യാസിനീസമൂഹത്തിന്റെ സ്ഥാപ കനുമായ ധന്യൻ മാർ തോമസ് കുര്യാളശേരി പിതാവിന്റെ 97-ാം ചരമവാർഷികം നാം ആചരിക്കുകയാണ്. പരിശുദ്ധ കുർബാനയാണ് ക്രൈസ്തവജീവിതത്തിന്റെ കേന്ദ്രം എന്ന ബോധ്യത്തിൽ ഉറച്ചുനിന്ന ഈ ധന്യപിതാവിന്റെ ജീവിതം നമുക്ക് വലിയൊരു മാതൃകയാണ്. പിതാവിന്റെ ജീവിതമൂല്യങ്ങളും കാഴ്ചപ്പാടുകളും വിവരിക്കുന്ന ലേഖനങ്ങളാലും കവിതകളാലും സമ്പന്നമാണ് ഈ ലക്കം 'ഇടയൻ' പാരിഷ് ബുള്ളറ്റിൻ.

പരിശുദ്ധ കുർബാന ചേർത്തുവച്ച് നെയ്തെടുക്കുന്ന കുടുംബ ജീവിതത്തിലാണ് സ്നേഹവും ഐക്യവും വിശ്വസ്തതയും ആനന്ദവും നിറയുന്നത് എന്ന പിതാവിന്റെ ആഹ്വാനമനുസരിച്ച് നമ്മുടെ കുടുംബങ്ങളെയും നമുക്ക് പരിശുദ്ധ കുർബാനയോടു ചേർത്തു നിർത്താൻ ശ്രമിക്കാം. വന്ദ്യപിതാവിന്റെ മാദ്ധ്യസ്ഥ്യം ഇതിനു നമ്മെ സഹായിക്കട്ടെ.

സ്നേഹപൂർവം,

**റ്റോണിയച്ചൻ**



# വികാരിയച്ചന്റെ സന്ദേശം

## മാർ കുര്യാളശ്ശേരി മെത്രാൻ: മതസൗഹാർദത്തിന്റെ മേലധ്യക്ഷൻ

പ്രിയമുള്ളവരെ,

മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ തൊണ്ണൂറ്റി ഏഴാം ചരമ വാർഷികം ജൂൺ രണ്ടിന് നാം ആചരിക്കുകയാണല്ലോ. പ്രവിശാലമായ ചങ്ങനാശ്ശേരി രൂപതയിൽ മാത്രമല്ല പൊതുസമൂഹത്തിലും ധാർമികവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ നേതൃത്വം വഹിച്ച ഉന്നത വ്യക്തിത്വമായിരുന്നു അഭിവന്ദ്യ കുര്യാളശ്ശേരി തോമാ മെത്രാൻ. സകല മനുഷ്യരോടും സൗഹാർദത്തോടെ സമീപിക്കുന്ന ഈശോയുടെ ഹൃദയമുള്ള ഒരു പിതാവായിരുന്നു അദ്ദേഹം. ഇന്ന് മത-സമുദായങ്ങൾ തമ്മിൽ അകൽച്ചയുടെ അതിർവരമ്പുകൾ ഉയരുമ്പോൾ കുര്യാളശ്ശേരി പിതാവ് കാണിച്ചുതന്ന സൗഹാർദത്തിന്റെ മാതൃക എത്ര ഉദാത്തമായിരുന്നു എന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. ഇതു വ്യക്തമാക്കുന്ന ഏതാനും സംഭവങ്ങൾ കുറിക്കട്ടെ.

ഒരിക്കൽ അഭിവന്ദ്യ പിതാവിന്റെ ജൂബിലിയോടനുബന്ധിച്ച് ചങ്ങനാശ്ശേരി ചന്തക്കടവിൽനിന്നും മെത്രാപോലീത്തൻ പള്ളിയിലേക്ക് ഒരു ദിവ്യകാരുണ്യപ്രദക്ഷിണം നടത്തുവാൻ പദ്ധതിയിട്ടു. എന്നാൽ അതിനു തൊട്ടുമുമ്പ് മുസ്ലീങ്ങളുടെ ചന്ദനക്കുടം ചന്തക്കടവ് ചുറ്റി പോകുന്നതിൽ ചിലർ വൈമുഖ്യം പ്രകടിപ്പിച്ചു. ഈ വിവരമറിഞ്ഞ പിതാവ് മുസ്ലീങ്ങളുടെ ആഘോഷം സുഗമമായി നടത്തുന്നുവെങ്കിൽ മാത്രം എന്റെ ജൂബിലി ആഘോഷിച്ചാൽ മതി എന്ന് കല്പ്പിക്കുകയുണ്ടായി! വേറൊരു അവസരത്തിൽ മൊയ്തീൻ കുഞ്ഞ് എന്ന ധനികവ്യാപാരി ചങ്ങനാശ്ശേരിയിലെ ഒരു കടയിൽ കടയുടമയുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ യാദൃശ്ചികമായി പിതാവിന്റെ ചിത്രം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. ഉടൻതന്നെ

അദ്ദേഹം എഴുന്നേറ്റു നിന്നുകൊണ്ട് പറഞ്ഞു, 'പിതാവിന്റെ പടത്തിന് മുൻപിൽ ഞാൻ ഇരിക്കുകയില്ല.'

മറ്റൊരിക്കൽ പിതാവ് എസ്.ബി. സ്കൂൾ സന്ദർശിച്ചപ്പോൾ കത്തോലിക്കാകുട്ടികൾ ചെയ്യുന്നതുപോലെ ആറാം ക്ലാസിൽ പഠിക്കുന്ന വേലായുധൻ എന്ന കുട്ടിയും മുട്ടുകുത്തി തൊഴുതു. പിതാവ് ആ കുട്ടിയെ അനുഗ്രഹിച്ചുകൊണ്ട് ഏത് ക്ലാസിൽ പഠിക്കുന്നു, ജയിക്കുമോ ജയിച്ചാൽ എന്ത് പഠിക്കും, എന്നൊക്കെ ചോദിച്ചു. മുന്നോട്ട് പഠിക്കുവാൻ സാമ്പത്തികശേഷി ഇല്ല എന്ന് ആ കുട്ടി പറഞ്ഞപ്പോൾ പാസായാൽ ഉടൻ എന്നെ അരമനയിൽ വന്ന് കാണണമെന്ന് പിതാവ് പറഞ്ഞു. പരീക്ഷ പാസായ വിവരം അരമനയിൽ ചെന്ന് അറിയിച്ചപ്പോൾ പിതാവ് ആ കുട്ടിക്കുവേണ്ടി ആലുവാ യു.സി. കോളേജിന്റെ മാനേജർക്ക് ഒരു കത്ത് എഴുതി കൊടുക്കുകയും അവിടെ സ്കൂളിലും ഹോസ്റ്റലിലും കുട്ടിക്ക് അഡ്മിഷൻ കിട്ടുകയും ചെയ്തു. ആ കുട്ടിയാണ് മദ്ധ്യതിരുവതാംകൂറിൽ ഈഴവസമുദായത്തിൽ നിന്നും ആദ്യമായി ബി.എ. ഫസ്റ്റ് ക്ലാസോടുകൂടി പാസായതും ഗവൺമെന്റ് സെക്രട്ടറി എന്ന നിലവരെ എത്തുകയും ചെയ്ത പുതുശ്ശേരി പി.കെ. വേലായുധൻ!

തുരുത്തി സ്വദേശിനി ഹൈന്ദവവിശ്വാസിയായ ശ്രീമതി ലക്ഷ്മിക്കുട്ടിയമ്മ അഭിവന്ദ്യ പിതാവിനെക്കുറിച്ച് പറഞ്ഞത് ഇങ്ങനെയാണ്: ''കാണുന്നവർക്കെല്ലാം വലിയ ആകർഷകത്വം തോന്നുന്ന സൗമ്യമായ മുഖഭാവം, വലിയ ദൈവഭക്തൻ, എനിക്ക് മാത്രമല്ല, ഞങ്ങളുടെ സമുദായത്തിൽപ്പെട്ട എല്ലാവർക്കും ആ ദിവ്യൻ പ്രിയങ്കരനായിരുന്നു.''

പിതാവ് പൂഞ്ഞാർ രാജാവിനെ സന്ദർശിച്ചപ്പോൾ രാജാവ് അദ്ദേഹത്തിന് ഒരു 'സ്വർണ്ണനാരങ്ങ' സമ്മാനിച്ചു. പിതാവിനെക്കുറിച്ച് രാജാവ് പറഞ്ഞത് ഇങ്ങനെയാണ്: ''നിങ്ങളുടെ മെത്രാൻ ഒരു മഹാത്മാവാണ്; തർക്കമില്ല. എന്തു വിനയം, ശാന്തൻ; പോപ്പിന്റെ ആളുതന്നെ. നമുക്ക് ബഹുബോധ്യമായി.''

സ്വസമുദായത്തിന്റെ ഉൽക്കർഷയിൽ ബാധശ്രദ്ധനായിരിക്കുമ്പോഴും ഇതരസമുദായാംഗങ്ങളുമായുള്ള ബന്ധത്തിലും അവരുടെയും വിദ്യാഭ്യാസ പുരോഗതിയിലും സുസ്ഥിതിയിലും ശ്രദ്ധവച്ചുകൊണ്ട് മാനവസ്നേഹത്തിനിന്റെയും മതമൈത്രിയുടെയും ഉൽകൃഷ്ട മാതൃക ആ ധന്യപിതാവ് നമുക്ക് നൽകുകയുണ്ടായി. എല്ലാവരിലേക്കും ഇറങ്ങിച്ചെല്ലുന്ന ആ പുണ്യപിതാവിന്റെ മാതൃക നമുക്ക് ഉൾക്കൊള്ളാം. എവിടെയും സൗഹാർദ്ദവും സ്നേഹവും സന്മനസ്സും പുലരുവാൻ ആ ധന്യ പിതാവിനോട് പ്രാർത്ഥിക്കുകയും ചെയ്യാം.

സ്നേഹപൂർവം,

**ഫാ. ജോസ് കൊച്ചുപറമ്പിൽ**
(വികാരി)



# കാലത്തെ അതിജീവിച്ച അജപാലകൻ



**സി. ബിനീത വട്ടത്തോട്ടത്തിൽ SABS**
സെന്റ് മേരീസ് പ്രൊവിൻസ്, കോതമംഗലം

**പമ്പയാറിന്റെ** തീരങ്ങളിൽ ഓടിക്കളിച്ച് ആ ഓളങ്ങൾക്കൊപ്പം ഹൃദയത്തുടിപ്പുകളെ പ്രാർത്ഥനയാക്കി ഒഴുക്കിവിട്ട് കുരുന്നു ഹൃദയത്തിൽ ദൈവാലയം പണിത് ആ ദൈവാലയത്തിനുള്ളിലെ പ്രതിഷ്ഠയെ എല്ലാവരും അറിയുകയും ആരാധിക്കുകയും ചെയ്യണമെന്നാഗ്രഹത്തോടെ പരിശുദ്ധ കുർബാനയുടെ ആരാധനാ സന്യാസിനീ സമൂഹത്തിന് രൂപവും ഭാവവും നൽകിയ ധന്യൻ മാർ തോമസ് കുര്യാളശ്ശേരി ഇന്നും കാലത്തെ അതിജീവിക്കുന്നവനായി ജനഹൃദയങ്ങളിൽ വസിക്കുന്നു.

ആ ഇടയൻ പരിശുദ്ധ കുർബാനയുടെ ആരാധകൻ മാത്രമായിരുന്നില്ല, അദ്ദേഹത്തിന്റെ പുണ്യസാന്നിദ്ധ്യം കടന്നു ചെല്ലാത്ത ഇടങ്ങളില്ല. നഷ്ടപ്പെട്ടു പോകുന്നതിനെ അന്വേഷിച്ച് തേടിയിറങ്ങുന്ന ഒരു നല്ലയിടയൻ, തന്റെ ജീവിതത്തിന്റെ മൂലധനം മുഴുവൻ ഈശോയുടെ തിരുഹൃദയത്തിൽ നിക്ഷേപിച്ച തിരുഹൃദയഭക്തൻ, ആബാലവൃദ്ധം ജനങ്ങളുടെയിടയിൽ അവരിലൊരാളായി മാറുന്ന എന്നാൽ സ്വർഗ്ഗത്തിലേയ്ക്ക് വിരൽ ചൂണ്ടിക്കാണിക്കുന്ന ആ വഴിയിലേയ്ക്ക് പാദങ്ങളെ തിരിച്ചു വിടാൻ സഹായിക്കുന്ന ദൈവമനുഷ്യബന്ധത്തിനിടയിലെ മദ്ധ്യസ്ഥൻ, ആർത്തരെയും അവഗണിക്കപ്പെട്ടവരെയും ജാതി മത വ്യത്യാസങ്ങൾക്കതീതമായി തന്നോട് ചേർത്തുനിർത്തിയ മനുഷ്യസ്നേഹി, വിടരുന്ന പൂവിലും മുഴുങ്ങുന്ന മണിനാദത്തിലും

പാടുന്ന പക്ഷികളിലും ദൈവസാന്നിദ്ധ്യം തിരിച്ചറിഞ്ഞ ക്രാന്തദർശി... ഇങ്ങനെ അനേകം വിശേഷണങ്ങൾ ഈ പരിശുദ്ധ ജീവിതത്തിന് നൽകാനാകും.

ഇതിലെല്ലാം ഉപരിയായിരുന്നു പരിശുദ്ധ അമ്മയോടുള്ള അദ്ദേഹത്തിന്റെ ഭക്തിയും സ്നേഹവും. ബാല്യത്തിൽ തൊടിയിലും തോട്ടത്തിലും ഓടിനടന്ന് പൂവിറുത്ത് മരിയാംബികയുടെ പാദാന്തികം അലങ്കരിക്കാൻ ആ കൊച്ചുബാലൻ കാട്ടിയ ഉത്സാഹം അന്ത്യത്തോളം മങ്ങലേൽക്കാതെ കാത്തുസൂക്ഷിക്കാനും കടന്നു ചെന്നിടത്തെല്ലാം അമ്മയുടെ അകലാത്ത മകനായി മാറാനും ആ താതനു സാധിച്ചു. ജപമാലയുടെ മണികൾ ഒരു യോദ്ധാവിന്റെ വെടിയുണ്ടയേക്കാൾ ഏറ്റം അധികമായ ശത്രുസംഹാരശക്തിയുള്ളതാണെന്ന് പഠിപ്പിച്ച വന്ദ്യതാതൻതന്നെ പറയുന്നുണ്ട്, സൂര്യോദയത്തോടുകൂടി ഇരുൾ മാറിപ്പോകുന്നതുപോലെ മറിയത്തിന്റെ നേരെയുള്ള ഭക്തിയുണ്ടാകുമ്പോൾ പാപാന്ധകാരം ആത്മാവിൽ നിന്ന് നീങ്ങിപ്പോകുമെന്ന്.

തിന്മയുടെ ശക്തികൾ ആധിപത്യം പുലർത്തുന്ന, ജാതിമത സ്പർദ്ധകൾ ഉയർന്നു നില്ക്കുന്ന, ജീവന്റെ മൂല്യം കുറഞ്ഞുകൊണ്ടിരിക്കുന്ന, ദൈവവും ദൈവികസംവിധാനങ്ങളും മനുഷ്യനിയന്ത്രണത്തിനധീനമാക്കാൻ ബദ്ധശ്രദ്ധ കാണിക്കുന്ന ഈ കാലഘട്ടത്തിൽ വിഭാഗീയചിന്തകൾക്കും ജാതിമത താല്പര്യങ്ങൾക്കും അതീതമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്ത വലിയ ഇടയനായ ധന്യൻ മാർ തോമസ് കുര്യാളശ്ശേരി നമ്മുടെ മുൻപിൽ ഒരു ചോദ്യചിഹ്നമായി നില്ക്കുകയാണ്.

വിശിഷ്ടമായ മാതൃകകൾ കണ്ടും വിശുദ്ധമായ ചിന്തകൾ കേട്ടും നിഷ്പക്ഷമായി പ്രതികരിച്ചും മനുഷ്യസ്നേഹം ദൈവസ്നേഹത്തോളം ഉയർത്തിപ്പിടിച്ചും മുന്നേറിയ ഒരു ജനതയ്ക്ക് ഇന്ന് എന്താണ് സംഭവിച്ചിരിക്കുന്നത്? എപ്പോഴാണ് അനർത്ഥങ്ങൾ ഉത്ഭവിച്ചത്? തിരികെ നടക്കേണ്ട സമയം ആസന്നമായിരിക്കുന്നു.

വന്ദ്യതാതൻ അനുസ്മരിപ്പിച്ചിട്ടുള്ളതുപോലെ ദൈവസ്നേഹത്തിൽ നിന്നകന്ന് പ്രപഞ്ചസ്നേഹത്തിൽ മുഴുകിയിരിക്കുന്ന ലോകത്തെ വീണ്ടും ദൈവത്തിലേയ്ക്ക് അടുപ്പിക്കാനും ദൈവസ്നേഹാഗ്നിയിൽ ജ്വലിപ്പിക്കുവാനും തിരുഹൃദയ ഭക്തിയേക്കാൾ ഉചിതമായ മാർഗ്ഗം മറ്റൊന്നുമില്ല. സർവ്വനന്മകളും പ്രവഹിക്കുന്ന ആ ദിവ്യഹൃദയത്തിൽ നിന്നും നമ്മുടെ ആദ്ധ്യാത്മിക ശത്രുക്കളോട് പോരാടിവിജയിക്കുവാനുള്ള സർവ്വ ആയുധങ്ങളും സർവ്വതിന്മകളെയും നിർമ്മാർജനം ചെയ്യാൻ പറ്റിയ ഔഷധങ്ങളും സർവ്വദുഃഖദുരിതങ്ങൾക്കുമുള്ള നിവാരണ മാർഗ്ഗവും നമുക്ക് സ്വീകരിക്കാം.



# കരുണയുടെ കരമായ് പരി. കുർബാനയോടൊപ്പം

**സി. സ്റ്റെല്ല മരിയ വളയനാനിക്കൽ SABS**
വിമലമാതാ പ്രൊവിൻസ്, താമരശേരി



**'ഭൂമിയിൽ** തീയിടുവാനാണ് ഞാൻ വന്നത്, അത് ഇതിനകം കത്തിജ്വലിച്ചിരുന്നെങ്കിൽ'' (ലൂക്ക. 12:49) എന്ന ദൈവവചനത്തെ ഹൃദയം കൊണ്ട് ഏറ്റുവാങ്ങി മരുഭൂമിയിലെ മണലാരണ്യത്തിന്റെ ഉഷ്ണക്കാറ്റിൽ ഒരു ഇളംകാറ്റുപോലെ ജീവിതത്തിന്റെ കനൽവഴികളിൽ ഒരു കുളിർസ്പർശമായി, കാരുണ്യത്തിന്റെ കരുതലുള്ള സാന്നിധ്യമായി കേരളക്കരയെ നയിച്ച ആത്മീയാചാര്യൻ. ക്രൈസ്തവ ദേവാലയങ്ങളുടെ അൾത്താരയിലെ സക്രാരികളിൽ ഇരിക്കുന്നത് വെറുമൊരു ഗോതമ്പപ്പമല്ല, സത്യമായും ജീവിക്കുന്ന ക്രിസ്തുവാണ് എന്ന് തിരിച്ചറിഞ്ഞ്, ആ തിരിച്ചറിവിൽ 'ക്രിസ്തുവിൽ എല്ലാം നവീകരിക്കുവാൻ' ജീവിതം ഉഴിഞ്ഞുവച്ച വത്സലതാതൻ. അത് മറ്റാരുമല്ല, വർഷങ്ങൾക്കു മുൻപ് 1873 ജനുവരി 14ന് ചങ്ങനാശേരിയിൽ കുര്യാളശേരി കുടുംബത്തിൽ ചാക്കോച്ചന്റെയും അക്കാമ്മയുടെയും ദാമ്പത്യവല്ലരിയിൽ വിരിഞ്ഞ ആറാമത്തെ കുഞ്ഞ് - തോമസ് കുര്യാളശേരി.

ചെളിക്കുളത്തിൽ നിന്നും മാലിന്യമേതുമേൽക്കാതെ വിടർന്നു നിൽക്കുന്ന താമരപ്പൂവുപോലെ



ചുറ്റുപാടുകളുടെ സ്വാധീനമേതു മേൽക്കാതെ ശൈശവത്തിന്റെ കളിചിരികളിലും ബാല്യത്തിന്റെ കൗതുകങ്ങളിലും കൗമാരത്തിന്റെ സ്വപ്നങ്ങളിലും വിശുദ്ധിയുടെ പരിമളം പരത്തിയ കുഞ്ഞുതോമാച്ചൻ ദൈവത്തിന്റെ വിളി ശ്രവിച്ച് ദൈവികശുശ്രൂഷയിലേക്ക്, പൗരോഹിത്യത്തിന്റെ അഭിഷേകത്തിലേക്കും ദൈവനിയോഗത്താൽ മെത്രാഭിഷേകത്തിലേക്കും കടന്നുവന്നു. കേരളക്കരയെ നവോത്ഥാനത്തിന്റെ വെള്ളി വെളിച്ചത്തിലേക്ക് നയിക്കുവാൻ ചങ്ങനാശേരി രൂപതയുടെ പ്രഥമ തദ്ദേശീയ മെത്രാനായി നിയമിതനായ അദ്ദേഹം തന്റെ ഉള്ളിൽ നിറഞ്ഞുനിന്ന ദിവ്യകാരുണ്യത്തിന്റെ ഉപാസകനായി മാറുകയായിരുന്നു. മെത്രാൻപട്ടത്തിന്റെ പദവിയും ഔപചാരികതയും മെത്രാസനത്തിന്റെ രാജകീയതയും പ്രൗഢികളും മറന്ന് അജഗണത്തിന്റെ മണമറിയുന്ന ഇടയനായി, സാധാരണക്കാരിൽ സാധാരണക്കാരനായി മാറുവാൻ അദ്ദേഹത്തിനു കഴിഞ്ഞുവെന്നത് മറക്കാനാവാത്ത ഒരു യാഥാർത്ഥ്യമാണ്.

## ജീവിതം ദിവ്യകാരുണ്യത്തോടൊപ്പം

ശൈശവത്തിന്റെ കളിചിരികളിൽ പോലും ഉള്ളിൽ ജ്വലിച്ചിരുന്ന ദിവ്യകാരുണ്യഭക്തി വളർച്ചയുടെ ഓരോ പടവുകളിലും വളർന്നുകൊണ്ടേയിരുന്നു. പരി. കുർബാനയ്ക്കു വേണ്ടി ജീവനും ജീവിതവും ഉഴിഞ്ഞുവയ്ക്കുവാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയതും ഈയൊരു ജ്വലനമായിരുന്നു. അതുകൊണ്ടുതന്നെ റോമിലെ തന്റെ പഠനകാലത്ത് ഹൃദയത്തിൽ സൂക്ഷിച്ചിരുന്ന ഒരു സ്വപ്നം ദിവ്യകാരുണ്യത്തെ നിരന്തരം ആരാധിക്കുന്ന ഒരു ഗണം കന്യകമാർ തന്റെ നാട്ടിലും ഉണ്ടാകണം - യാഥാർത്ഥ്യമാക്കുവാൻ 1908 ഡിസംബർ 8-ന് പരി. കുർബാനയുടെ ആരാധനാസന്ന്യാസിനീസമൂഹത്തിന് രൂപം കൊടുത്തതും. കേവലം അഞ്ചു കന്യകമാരുമായി എടത്വായിലെ കാലിത്തൊഴുത്തിൽ ആരംഭമിട്ട സന്യാസിനീസമൂഹം ഇന്ന് അഞ്ചു ഭൂഖണ്ഡങ്ങളിലായി ലോകത്തിന്റെ വിവിധഭാഗങ്ങളിൽ അയ്യായിരത്തോളം എത്തി നിൽക്കുമ്പോൾ 2011 ഏപ്രിൽ 2-ന് ധന്യപദവിയിലേക്കുയർന്ന മാർ തോമസ് കുര്യാളശേരി പിതാവിന്റെ പരി.

**കുഷ്ഠരോഗിയുടെ പുലയക്കുടിയിലേക്കും കവിളുവാർപ്പു രോഗിയുടെ ചെറ്റക്കുടിലിലേക്കും കയറിച്ചെന്നതും എടത്വായിൽ കോളറാരോഗം പടർന്നു പിടിച്ചപ്പോൾ അവരുടെ വീടുകളിൽ കയറി ശുശ്രൂഷിച്ച് രോഗീലേപനം നൽകിയതും 1924 ലെ വെള്ളപ്പൊക്കത്തിൽ കുട്ടനാട്ടിലെ ജനങ്ങളെ ചങ്ങനാശേരിയിൽ കൊണ്ടുവന്നു പരിപാലിച്ചതും സ്നേഹമയിയായ പിതാവിന്റെ കാരുണ്യപ്രവർത്തനങ്ങളുടെ നിദർശനമാണ്.**

കുർബാനയോടുള്ള ഭക്തിയും വിശ്വാസവും എത്ര ആഴമായിരുന്നു എന്ന് നമുക്ക് മനസിലാക്കാനാകും.

പരി. കുർബാനയുടെ ഉപാസകൻ എന്ന് വാക്കുകൾ കൊണ്ട് പിതാവിനെ വിളിക്കുമ്പോൾ അക്ഷരാർത്ഥത്തിൽ അത് എത്രയോ യാഥാർത്ഥ്യമായിരുന്നു എന്ന് ആ ജീവിതവഴികളിലേക്ക് ഒന്നു തിരിഞ്ഞു നോക്കിയാൽ നമുക്ക് കണ്ടെത്തുവാൻ കഴിയും. പരി. കുർബാനയുടെ അർപ്പണം, പരി. കുർബാനയുടെ ആരാധന, പരി. കുർബാനയുടെ ജീവിതം ഇവ മൂന്നും ഉൾക്കൊള്ളുന്ന ഒരു ജീവിതശൈലിയാണ് കുര്യാളശേരി പിതാവിന് ഉണ്ടായിരുന്നതും തന്റെ അജഗണങ്ങൾക്ക് ഉണ്ടാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചതും. ജനങ്ങളുടെ ഇടയിൽ ദിവ്യകാരുണ്യഭക്തി വർദ്ധിപ്പിക്കുന്നതിനായി സ്ഥാപിച്ചതാണ് 'വിശുദ്ധ കുർബാനയുടെ ആരാധനാസഖ്യം' എല്ലാ ദിവസവും നടത്തിയിരുന്ന ഒരുമണിക്കൂർ ആരാധന, വ്യാഴാഴ്ച തോറും രാത്രി 11 മുതൽ 12 വരെ നടത്തുന്ന തിരുമണിക്കൂർ, കൂടെക്കൂടെയുള്ള ദിവ്യകാരുണ്യ സന്ദർശനം, പരി. കുർബാനയുടെ പട്ടണപ്രദക്ഷിണം, അരൂപിക്കടുത്ത ദിവ്യകാരുണ്യസ്വീകരണം എന്നിവ അദ്ദേഹത്തിന്റെ ദിവ്യകാരുണ്യസ്നേഹത്തിന്റെ നിദർശനങ്ങളാണ്. ചങ്ങനാശേരി രൂപതയുടെ പ്രഥമ തദ്ദേശീയമെത്രാനായി അഭിഷിക്തനായപ്പോൾ അദ്ദേഹം എഴുതിയ 113 ഇടയലേഖനങ്ങളിൽ പലതും പരി. കുർബാനയുടെ പ്രാധാന്യം വ്യക്തമാക്കുന്നതായിരുന്നു. ''നമ്മുടെ മക്കളായ വിശ്വാസികളുടെ ഇടയിൽ ഏറ്റവും അധികം പ്രചരിപ്പിക്കുന്നതിന് നാം ആഗ്രഹിക്കുന്ന ഒരു ഉത്തമസത്കൃത്യം പരി. കുർബാനയോടുള്ള ഭക്തിയായിരിക്കുന്നു.'' എന്ന് 8-ാം നമ്പർ ഇടയലേഖനത്തിൽ അദ്ദേഹം ജനങ്ങളെ ഉദ്ബോധിപ്പിക്കുകയും ചെയ്തു. വെള്ളപ്പൊക്കത്തിൽ നിന്നും നാടിനെ രക്ഷിക്കുവാൻ പട്ടണംചുറ്റി ദിവ്യകാരുണ്യപ്രദക്ഷിണം നടത്തിയതും അദ്ദേഹത്തിന് പരി. കുർബാനയോടുള്ള ഭക്തി വെളിവാക്കുന്നതായിരുന്നു.

## പ്രാർത്ഥനയുടെ മനുഷ്യൻ

മാർ തോമസ് കുര്യാളശേരി പിതാവ് പ്രാർത്ഥനയുടെ മനുഷ്യനാ



യിരുന്നു. പരി. കുർബാന അദ്ദേഹത്തിന്റെ ജീവിതത്തിന്റെ കേന്ദ്രമായിരുന്നുവെങ്കിൽ മരിയഭക്തിയും തിരുഹൃദയഭക്തിയും അദ്ദേഹത്തിന്റെ ശക്തിയായിരുന്നു. പഞ്ചേന്ദ്രിയങ്ങളെ നിഗ്രഹിച്ചുകൊണ്ട് വി. കുർബാനയുടെ മുമ്പിൽ കൈകൾ കൂപ്പി മുട്ടിന്മേൽ നിൽക്കുന്നതാണ് ഏറ്റവും വലിയ പ്രായശ്ചിത്തം എന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. നമ്മൾ മുറിയിൽ കിടന്നുറങ്ങുമ്പോഴും നമ്മുടെ ആത്മീയ കണ്ണുകൾ ദിവ്യസക്രാരിയിലേക്ക് തിരിഞ്ഞിരിക്കണമെന്ന് പിതാവ് പറയുമായിരുന്നു. പക്ഷികളുടെ കളകൂജനങ്ങളും നാഴികമണിയുടെ ടിക് ടിക് ശബ്ദവും മനോഹരപുഷ്പങ്ങളും ഗാനങ്ങളുമൊക്കെ ദൈവത്തിങ്കലേക്ക് തന്റെ ഹൃദയത്തെ ഉയർത്തുവാനുള്ള മാർഗങ്ങളായി അദ്ദേഹം കണ്ടു. 'ഈശോയുടെ തിരുഹൃദയത്തിലുള്ള മനോവിശ്വാസമാണ് തന്റെ മൂലധനം' എന്ന് അദ്ദേഹം ഉറപ്പിച്ചു പറയുമായിരുന്നു. ദിവസവും 9 മുഴുവൻ കൊന്തകൾ ചൊല്ലി തന്റെ ജീവിതം മുഴുവനും പരിശുദ്ധ അമ്മയുടെ കരങ്ങളിൽ സമർപ്പിക്കുവാനും അദ്ദേഹം മറന്നില്ല. ദൈവസാന്നിധ്യാവബോധത്തിൽ നിരന്തരം വളർന്നുവന്ന പിതാവിന്റെ ജീവിതം മുഴുവനും ഒരു പ്രാർത്ഥനയായിത്തീർന്നു.

## കാരുണ്യത്തിന്റെ കാവലാൾ

ദിവ്യകാരുണ്യത്തെ സ്നേഹിച്ച കുര്യാളശേരി പിതാവ് ജീവിതംകൊണ്ട് മറ്റൊരു ദിവ്യകാരുണ്യമാവുകയായിരുന്നു. കാരുണ്യം കൈമുതലാക്കിയ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ ''എല്ലാവരും സോദരർ'' (ഫ്രത്തേല്ലി തൂത്തി) എന്ന തന്റെ ലേഖനത്തിൽ പറയുന്നതുപോലെ സാഹോദര്യത്തെ ഒരു പുണ്യമായി കരുതി. സഹോദരസ്നേഹം കൊടുക്കാൻ തയ്യാറാകാത്ത ഒരുവന്റെ ദൈവാരാധന ഒരിക്കലും സ്വീകാര്യമല്ലെന്ന് അദ്ദേഹത്തിനു ബോധ്യമുണ്ടായിരുന്നു. കുഷ്ഠരോഗിയുടെ പുലയക്കുടിയിലേക്കും കവിളുവാർപ്പു രോഗിയുടെ ചെറ്റക്കുടിലിലേക്കും കയറിച്ചെന്നതും എടത്വായിൽ കോളറാരോഗം പടർന്നു പിടിച്ചപ്പോൾ അവരുടെ വീടുകളിൽ കയറി ശുശ്രൂഷിച്ച് രോഗീലേപനം നൽകിയതും 1924 ലെ വെള്ളപ്പൊക്കത്തിൽ കുട്ടനാട്ടിലെ ജനങ്ങളെ ചങ്ങനാശേരിയിൽ കൊണ്ടുവന്നു പരിപാലിച്ചതും

സ്നേഹമയിയായ പിതാവിന്റെ കാരുണ്യപ്രവർത്തനങ്ങളുടെ നിദർശനമാണ്.

ജനങ്ങളുടെ ധാർമ്മികജീവിതത്തിന് വെല്ലുവിളികൾ ഉയർത്തിയ സാമൂഹികതിന്മകൾക്കെതിരെ പടപൊരുതുവാൻ ജാഗ്രത പ്രകടിപ്പിച്ച പിതാവ് മദ്യപാനം എന്ന തിന്മയെ നിർമാർജനം ചെയ്യുവാൻ അഹോരാത്രം പ്രയത്നിച്ചു. ആഢ്യകുലജാതരുടെ ചൂഷണത്തിനും ആധിപത്യപ്രവണതകൾക്കും വിധേയരായി അവഗണനയുടെ നീർക്കയത്തിൽ മുങ്ങിതാണുകൊണ്ടിരുന്ന ദളിത്ക്രൈസ്തവസമൂഹത്തെ അഭിമാനകരമായ ഒരു നിലയിലേക്ക് കൈപിടിച്ചുയർത്തി ദിവ്യബലിയിൽ സംബന്ധിക്കുവാനും ദിവ്യകാരുണ്യം സ്വീകരിക്കുവാനും അവസരമൊരുക്കി.

അജ്ഞതയുടെ അന്ധകാരത്തിൽനിന്നും അറിവിന്റെ പ്രകാശത്തിലേക്കു ജനത്തെ നയിക്കുവാൻ വിദ്യാഭ്യാസം നല്ലൊരു ഉപാധിയായി കണ്ടെത്തിയ പിതാവ് പള്ളികളോടും മഠങ്ങളോടും ചേർന്ന് സ്കൂളുകളും ഉന്നതവിദ്യാഭ്യാസത്തിനായി ചങ്ങനാശേരി സെന്റ് ബർക്കുമാൻസ് കോളേജും, വാഴപ്പള്ളി സെന്റ് തെരേസാസ് ട്രെയിനിംഗ് സ്കൂളും സ്ഥാപിച്ചു. ആൺകുട്ടികൾക്കൊപ്പം പെൺകുട്ടികൾക്കും ഉന്നതവിദ്യാഭ്യാസം നൽകി സ്ത്രീസമുദ്ധാരണത്തിന് അദ്ദേഹം പ്രയത്നിച്ചു.

പരി. കുർബാനയിൽ കേന്ദ്രീകൃതമായ ഒരു ജീവിതത്തിലൂടെ തന്റെ രൂപതയ്ക്ക് സുവിശേഷാധിഷ്ഠിതവും ബലിഷ്ഠവുമായ ഒരു അടിത്തറ പാകുവാൻ പിതാവിനു കഴിഞ്ഞു. 14 വർഷം നീണ്ടുനിന്ന തന്റെ അജപാലനശുശ്രൂഷകളിൽ കരുതലിന്റെ കാരുണ്യം നിറയ്ക്കാൻ അദ്ദേഹത്തിന് സാധിച്ചത് തന്നിൽ നിറഞ്ഞുനിന്ന വിശുദ്ധി ഒന്നുകൊണ്ടു മാത്രമായിരുന്നു.

''ദൈവത്തിന്റെ വല്ലഭത്വത്തിലും മാതാവിന്റെ കാരുണ്യത്തിലും നാം ദൃഢമായി ആശ്രയിച്ച് പരിശ്രമിക്കുന്നുവെങ്കിൽ പുണ്യവാന്മാർക്കുള്ള സാക്ഷാൽ സൗഭാഗ്യം ഇഹലോകത്തിലും പരലോകത്തിലും നിശ്ചയമായി നമുക്ക് അനുഭവിക്കുവാൻ സാധിക്കും'' എന്ന് തന്റെ 74-ാം നമ്പർ ഇടയലേഖനത്തിൽ പിതാവ് പറഞ്ഞുവച്ചതുപോലെ 1925 ജൂൺ 2-ാം തീയതി റോമിൽവെച്ച് കുര്യാളശേരി പിതാവ് സ്വർഗഭാഗ്യം പൂകി. ജീവിതത്തിലും മരണത്തിലും വിശുദ്ധി കാത്തുസൂക്ഷിച്ച് ആനന്ദത്തിന്റെ സാക്ഷിയായി മാറിയ ധന്യൻ മാർ തോമസ് കുര്യാളശേരി പിതാവ് ജീവിതവഴിത്താരകളിൽ നമുക്കും മാർഗദീപവും മധ്യസ്ഥനുമായിരിക്കട്ടെ.

# ദിവ്യകാരുണ്യത്തിൻ നറുപുഷ്പം

**പ്രണിധാൻ 2022**

ദിവ്യകാരുണ്യമാം സ്നേഹത്തിൻ തണലിൽ
വിടർന്നൊരാ നറുപുഷ്പം ഈ ജീവിതം
കാരുണ്യരൂപനാം ദൈവത്തിൻ കരവേല
തെളിഞ്ഞൊരാ താരകം പോലെയല്ലോ
വിശ്വാസത്തിൻ വിളഭൂമിയിൽ
വിതക്കാരനായൊരു ഗുരുവരൻ

ഫലം ചൂടി നിന്നൊരാ വൈദികവൃത്തിയെ
അഭിഷേകമായ് തീർത്ത തപോധനൻ
കുര്യാളശ്ശേരിയിൽ മാർതോമാ താതന്
വാക്കിലൊതുങ്ങാത്ത മാഹാത്മ്യമേ
ചങ്ങനാശ്ശേരി തൻ ഇടയശ്രേഷ്ഠൻ
പതിതർക്കും പാപിയ്ക്കും സ്നേഹിതൻ

കേരളമണ്ണിൽ ദിവ്യകാരുണ്യത്തിൻ
വിത്തിനു വളമേകിയ പ്രേഷിതൻ
ആലംബഹീനർക്കു അഭയമായി
അത്താണിയില്ലാത്തോന് അന്നമേകി
കറയറ്റ കുഞ്ഞാടിൻ കനൽവഴിയെ
വിശുദ്ധി തൻ പരിമളവാഹകനായി

മണ്ണിൻ പതിഞ്ഞൊരാ മനുഷ്യമനസ്സിനെ
ഉയർത്തുവാൻ അക്ഷീണ പ്രയത്നമേകി
അജ്ഞതയാലേ വലഞ്ഞൊരാഹൃത്തതിൽ
ജ്ഞാന പ്രകാശത്തിൻ കിരണമേകി
ദൈവപിതാവിൻ പ്രിയപുത്രനായ്
ദിവ്യകാരുണ്യത്തിൻ പ്രേഷിതനായ്
പാവനാത്മാവിൻ മണിവീണയുമായി
മന്നിതിൽ ശോഭിച്ച താതനിന്ന്
സ്വർഗീയ ഗേഹമതിൽ മദ്ധ്യസ്ഥനായി
ഏകുന്നു വൻകൃപ മക്കൾക്കായി



# വേദപ്രചാരവേല: ധന്യൻ മാർ തോമസ് കുര്യാളശ്ശേരിപിതാവിന്റെ ദർശനവും പ്രവർത്തനവും

**സി. ഡോ. തെരേസ നടുപ്പടവിൽ SABS**

## ആമുഖം



ഭാരതാപ്പസ്തോലനായ മാർ തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ (എ.ഡി. 72) ജൂബിലി വർഷമായ 2022, നമ്മുടെ പ്രേഷിതചൈതന്യത്തെ ശക്തിപ്പെടുത്താനുള്ള സുവർണാവസരമാണ് എന്ന് സീറോമലബാർ സഭാസിനഡ് (2022 ജനുവരി 7–15) നമ്മെ ഓർമിപ്പിക്കുന്നുണ്ട്. സീറോ മലബാർ സഭയ്ക്ക് ഹയരാർക്കി അനുവദിക്കപ്പെടുന്നതിനു മുമ്പുതന്നെ (1923 ഡിസംബർ 21) സീറോ മലബാർ സഭാ സന്താനങ്ങളുടെ പ്രേഷിതപ്രവർത്തനങ്ങൾ കേരളസഭയിൽ വളരെ തീക്ഷ്ണമായിരുന്നു എന്നതിനു അംഗീകരിക്കപ്പെട്ട ഉദാഹരണങ്ങളാണ് വിശുദ്ധരും, വാഴ്ത്തപ്പെട്ടവരും ധന്യരും ദൈവദാസരുമായി സീറോ മലബാർ സഭാനഭസ്സിൽ തെളിഞ്ഞു പ്രകാശിക്കുന്ന നമ്മുടെ മുൻഗാമികൾ. അവരുടെ നേതൃത്വത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിലും ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭത്തിലും ചെയ്ത വേദപ്രചാരവേലകൾ വിവിധരൂപത്തിലും ഭാവത്തിലും കേരളത്തിന്റെ സമഗ്രപുരോഗതിക്ക് ഏറെ സഹായിച്ചിട്ടുണ്ട്.

ഈ പശ്ചാത്തലത്തിലാണ്, ചങ്ങനാശ്ശേരി രൂപതയുടെ പ്രഥമാധ്യക്ഷനും ഇപ്പോൾ ധന്യപദവിയിൽ ആയി തിരുസ്സഭയിൽ ഉയർത്തപ്പെട്ടവനുമായ മാർ തോമസ് കുര്യാളശ്ശേരിയുടെ വേദപ്രചാരവേലകളെക്കുറിച്ചുള്ള ദർശനങ്ങളിലേയ്ക്കും തദനുസരണമായ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിലേയ്ക്കും നാം കണ്ണോടിക്കുക. ഈ പുണ്യപിതാവിന്റെ ജന്മശതോത്തര സുവർണജൂബിലി വർഷത്തിൽ (1973–2022) ആചരിക്കപ്പെടുന്ന 97-ാം ചരമവാർഷികത്തോടനുബന്ധിച്ച് ഈ ചിന്തകൾ ഉപരി പ്രസക്തമാണെന്നു പറയേണ്ടതില്ലല്ലോ.

## പ്രേഷിതസഭ – ജീവിക്കുന്ന സഭ

ലോകത്തിനു പ്രകാശവും അവിശ്വാസികൾക്കു രക്ഷയും ആകാനുള്ള ദൈവജനത്തിന്റെ ഉത്തരവാദിത്വമാണ് പ്രേഷിതത്വം. ദൈവജനം ഈ ഉത്തരവാദിത്വം നിർവഹിക്കുന്നില്ലെങ്കിൽ അവരുടെ വിശ്വാസജീവിതം മുരടിച്ചുപോകുകയും സഭ ജീവനില്ലാത്തതാകുകയും ചെയ്യും. ഇക്കാര്യങ്ങൾ തിരിച്ചറിഞ്ഞാണ് സഭ തന്റെ പരമാചാര്യനിലൂടെ, 'പരമപ്രധാനമായ കാര്യം' (maximum illud) എന്ന സഭയുടെ ആദ്യ മിഷനറിരേഖ പുറത്തിറക്കുന്നത്. ബെനഡിക്ട് പതിനഞ്ചാമൻ പാപ്പാ ഈ രേഖ പ്രസിദ്ധീകരിച്ചതിന്റെ (1919) നൂറാംവർഷത്തിൽ, പ്രേഷിതപ്രവർത്തനത്തിനാവശ്യമായ നാലു ഘടകങ്ങൾ എന്തെന്നു പ്രബോധിപ്പിക്കുന്നുണ്ട്:

1. മിശിഹായെ കണ്ടുമുട്ടുക.
2. പ്രേഷിതരായ വിശുദ്ധരെ മാതൃകയാക്കുക
3. പ്രേഷിതപ്രവർത്തനങ്ങളെ പിന്തുണയ്ക്കുക
4. പ്രേഷിത പരിശീലനം നേടുക

ഈ നാലു പടികളുമുൾക്കൊണ്ട ഒരു പ്രേഷിതസ്വഭാവം ജന്മസിദ്ധമെന്നോണം ജീവിച്ച ധന്യനായ മാർ തോമസ് കുര്യാളശ്ശേരി ഈ പ്രേഷിതസ്വഭാവത്തിലേയ്ക്ക് തന്റെ മാതൃകകൊണ്ടും വചനംകൊണ്ടും കർമംകൊണ്ടും ദൈവജനത്തെ നയിക്കുന്നതിൽ ഏറെ വിജയിച്ചു. സമകാലിക സഭയുടെ സംഭാവനയായ മാക്സിമും ഇല്ലൂദ് എന്ന രേഖ 1919-ൽ നമ്മെ പ്രബോധിപ്പിക്കുന്ന കാര്യങ്ങൾ 1911-നും 1925-നുമിടയിൽ പിതാവ് എഴുതിയ ഇടയലേഖനങ്ങളിൽ പ്രകടമാണ് എന്ന യാഥാർഥ്യവും, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും ഫ്രാൻസീസ് പാപ്പാ വരെയുള്ള പിൽക്കാല പരമാധ്യക്ഷന്മാരുടെയും പ്രേഷിതചൈതന്യം അദ്ദേഹം മുൻകൂട്ടി സ്വായത്തമാക്കിയിരുന്നു എന്ന സത്യവും മനസ്സിലാകുമ്പോൾ ധന്യനായ കുര്യാളശ്ശേരിപ്പിതാവിന്റെ പ്രേഷിതചൈതന്യത്തെ പഠനവിഷയമാക്കുക വളരെ പ്രസക്തമാണ്.

### 1. മിശിഹായാൽ അയയ്ക്കപ്പെട്ടവൻ

ക്രിസ്തുവിന്റെ പരസ്യജീവിതകാലം, പെസഹാ, ഉത്ഥാനം എന്നിയ്ക്കെല്ലാം സാക്ഷികളായ തന്റെ ശിഷ്യരെ തന്റെതന്നെ ദൗത്യത്തിൽ പങ്കുകാരാക്കി അയയക്കുന്നതുവഴിയാണ് അവർ അപ്പസ്തോലന്മാരായി മാറിയത്. ശ്ലീഹാ/അപ്പസ്തോലൻ എന്ന വാക്കുതന്നെ ദൗത്യവുമായി അയയ്ക്കപ്പെടുന്നതിനെ സൂചിപ്പിക്കുന്നു. ഷലാഹ് എന്ന ഹീബ്രുമൂലത്തിൽ നിന്നു നിഷ്പന്നമാണ് ശ്ലീഹാ എന്ന പദം തത്തുല്യമായ ഗ്രീക്കുപദം അപ്പോസ്തേല്ലോ എന്നതാണ്. ''തന്നോടുകൂടിയായിരിക്കന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്ക്കരിക്കാൻ അധികാരം നൽകുന്നതിനുമായി'' (മർക്കോ 3:16) തെരഞ്ഞെടുക്കപ്പെട്ട ശിഷ്യന്മാർ 'അയയ്ക്കപ്പെട്ടവർ' അഥവാ 'അപ്പസ്തോലന്മാർ' ആയി. ഈശോ സ്വർഗ്ഗാരോഹണവേളയിലും പരിശുദ്ധവും പരമപ്രധാനവുമായ ഈ ദൗത്യം തന്റെ അന്ത്യശാസനമെന്നോണം നൽകി തന്റെ ശിഷ്യരെ അയയ്ക്കുകയാണ്: ''നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' (മർക്കോ 16:15; MI 1). പരിശുദ്ധാത്മാവിനെ സ്വീകരിച്ച് ലോകമെങ്ങും സുവിശേഷം പ്രസംഗിച്ച ശ്ലീഹന്മാരുടെ ദൗത്യം സഭയിൽ ഇന്നും തുടരുന്നു. സ്വന്തം കുറ്റത്താലല്ലാതെ, സുവിശേഷം അറിയാത്തവരെ രക്ഷിക്കുവാൻ ദൈവത്തിന്റെ കാരുണ്യത്തിനു കഴിയുമെങ്കിലും, എല്ലാ മനുഷ്യരോടും സുവിശേഷം പ്രസംഗിക്കുകയെന്നത് സഭയുടെ കടമയാണ് (LG 16; AG 7; CCC 848) എന്നും അതിന്റെ ആദ്യന്തികമായ ലക്ഷ്യം, പിതാവിനും പുത്രനും അവരുടെ സ്നേഹത്തിന്റെ ആത്മാവിലുള്ള കൂട്ടായ്മയിൽ മനുഷ്യരെ പങ്കുകാരാക്കുക എന്നതാണെന്നും (RM 21) സഭ പഠിപ്പിക്കുന്നു.

വി. മത്തായിയുടെ സുവിശേഷത്തിൽ അവസാനഭാഗത്തു രേഖപ്പെടുത്തിയിരിക്കുന്ന കൽപ്പനയെ ഉദ്ധരിച്ചുകൊണ്ട്, കർത്താവീശോമിശിഹാ ''തന്റെ വേലയെ പൂർത്തിയാക്കിയശേഷം ഈലോകത്തെ വിട്ട് തന്റെ പിതാവിന്റെ പക്കലേയ്ക്കു മടങ്ങിപ്പോകുന്ന അവസരത്തിൽ...'' എന്ന വാക്കുകളോടെ പ്രേഷിതദൗത്യത്തെക്കുറിച്ച് അജഗണത്തെ ഉദ്ബോധിപ്പിക്കുമ്പോൾ, സഭാവിശ്വാസത്തിന്റെ കേന്ദ്രബിന്ദുവായ പരിശുദ്ധ ത്രിത്വത്തെ സംബന്ധിക്കുന്ന സത്യവുമായി അതിനെ ബന്ധിപ്പിക്കുന്നു:

''പിതാവായ ദൈവം മനുഷ്യജാതിയെ വീണ്ടെടുക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ ലോകത്തിലേയ്ക്കയപ്പാൻ മടിച്ചില്ല. പുത്രനായ ദൈവം മനുഷ്യരക്ഷയെന്ന ഏറ്റം ശ്രമസാധ്യമായ വേലയെ ഭയങ്കര

**നമ്മുടെ പ്രേഷിതചൈതന്യത്തെ ശക്തിപ്പെടുത്താനുള്ള സുവർണാവസരമായി 2022-നെ സീറോമലബാർ സഭാസിനഡ് നമ്മുടെ മുമ്പിൽ വയ്ക്കുമ്പോൾ, ചങ്ങനാശ്ശേരിയുടെ പ്രഥമമെത്രാനും പ്രേഷിത തീക്ഷ്ണതയുടെ പ്രശോഭ പകർന്നവനുമായ ധന്യൻ മാർ തോമസ് കുര്യാളശ്ശേരിപ്പിതാവിനെ നമുക്കു മാർഗദർശിയാക്കാം.**

മായ കുരിശുമരണത്താൽ സാധിച്ചു. പരിശുദ്ധാത്മാവോ, ഈ വിശുദ്ധ വേലയെ തുടർന്നു ലോകാവസാനത്തോളം ഇതിനെ നിർവഹിച്ചുവരികയും ചെയ്യുന്നു. (PL 50)

പ്രേഷിതദൗത്യത്തെക്കുറിച്ചു പഠിപ്പിക്കുമ്പോൾ, തന്റെതന്നെ അവസാന അഭിലാഷമായി പിതാവ് അതിനെ കാണുകയും ചെയ്യുന്നു എന്നത് ഹൃദയാവർജകമാണ്. ''ലോകത്തിന്റെ രക്ഷിതാവും ന്യായവിധിക്കാരനുമായ ഈശോമിശിഹായുടെ ന്യായാസനത്തിങ്കലേയ്ക്ക് കണക്കു കേൾപ്പിപ്പാനായി നാം ഏറ്റം അടുത്തിരിക്കുന്നു എന്നു വിശ്വസിക്കുന്ന ഈ അവസരത്തിൽ'' എന്നു തന്റെ മരണത്തെക്കുറിച്ച് ഓർമിച്ചുകൊണ്ട്, ഈ കടമയെക്കുറിച്ച് തന്റെ അജഗണത്തെ വേണ്ടവിധം ഇനിയും പ്രബോധിപ്പിച്ചിട്ടില്ലെന്നു പര്യാകുലനാകുന്നുണ്ട് ആ തീക്ഷ്ണമതിയായ പ്രേഷിതൻ (PL27). പുൽക്കൂട്ടിൽ പിറന്ന രക്ഷകനെക്കാണാൻ എത്തിയ പൗരസ്ത്യദേശത്തുനിന്നുള്ള ജ്ഞാനികളെക്കുറിച്ചുള്ള സുവിശേഷഭാഗം വ്യാഖ്യാനിച്ചുകൊണ്ട്, ഇനിയും വേദപ്രചാരവേല നാം വേണ്ടപോലെ നിർവഹിച്ചിട്ടില്ലെന്നും അതിനാൽ അനേകരുടെ ആത്മരക്ഷ അപകടത്തിലാകുന്നെന്നും പിതാവ് വ്യസനിക്കുന്നു:

1900-ൽപ്പരം സംവൽസരങ്ങളുടെ ശേഷം ഇത്രയും അജ്ഞാനത്തിന്റെയും അവിശ്വാസത്തിന്റെയും അന്ധകാരങ്ങളിൽ നിമഗ്നന്മാരായിരിക്കുന്ന ജനങ്ങൾക്ക് നാം ദൈവത്തിന്റെ അമിതാനുഗ്രഹങ്ങളിൽ നിന്നു കൈക്കൊണ്ടിട്ടുള്ള വിശ്വാസത്തിന്റെ വെട്ടത്തെ കാണിച്ചുകൊടുപ്പാൻ നമുക്കും നിങ്ങൾക്കും എത്രയൊ വലിയ കടമയുണ്ടായിരിക്കുന്നു. നമുക്കുവേണ്ടിമാത്രമല്ല, അന്യന്മാർക്കുവേണ്ടിക്കൂടെയും നമുക്കു വിശ്വാസത്തിന്റെ പ്രകാശം തരപ്പെട്ടിരിക്കുന്നു എന്നു നാം നല്ലവണ്ണം ഓർക്കണം (PL 27).

മിഷൻ പ്രവർത്തനങ്ങളിൽ, ദൈവജനം മുഴുവന്റെയും പങ്കിനെക്കുറിച്ചുള്ള സഭാപ്രബോധനങ്ങളോടു യോജിച്ചുകൊണ്ട്, സഭാധികാരികളുടെയും, അൽമായരുടെയും കടമകളെ പ്രത്യേകം പ്രത്യേകമായി ചൂണ്ടിക്കാട്ടി തന്റെ പ്രബോധനാധികാരം വിനിയോഗിക്കുന്നത്

അന്നെന്നപോലെ ഇന്നും പ്രചോദനാത്മകമാണ്: മിശിഹായോടുകൂടി ആയിരിക്കുന്നവരാണ് അയയ്ക്കപ്പെടുന്നതെന്ന് അറിയുകയും ആയിരിക്കുവാനും അയയ്ക്കപ്പെടുവാനും സന്നദ്ധനാവുകയും ചെയ്ത പിതാവ്, തന്റെ അജഗണങ്ങൾ - വൈദികരും അൽമായരും - ഈ മഹത്തായ ജോലിയ്ക്കായി പരിശ്രമിക്കുന്നതു അവരുടെ വിളിപ്പിന നുസൃതമായ ഒരു പുണ്യകൃത്യമാണെന്നു പിതാവ് ഓർമിപ്പിക്കുന്നു (PL 68).

**2. വിശുദ്ധരായ പ്രേഷിതരെ മുന്നിൽക്കണ്ടുകൊണ്ട്**

ദൈവത്തിന്റെ പരിശുദ്ധിയിൽ പങ്കുചേർന്ന് പരിശുദ്ധിയുടെ ശോഭ ലോകമെങ്ങും പ്രസരിപ്പിക്കുക എന്നതാണ് പ്രേഷിതത്വത്തിന്റെ ആദ്യപടിയായി നിൽക്കുക. അതിന് സഭയോടു ചേർന്നുനിന്നുള്ള പ്രാർഥനാജീവിതവും സന്മാർഗജീവിതവും ആവശ്യമാണ്. ആ വിശുദ്ധിയുടെ പൂർണത പരിശുദ്ധ കന്യാമറിയത്തിൽ പിതാവു കണ്ടിരുന്നു എന്നു വ്യക്തമാക്കുന്നതിന് പിതാവ് പരിശുദ്ധ കന്യകയെക്കുറിച്ച് എഴുതിയിരിക്കുന്ന നിരവധിയായ ഇടയലേഖനങ്ങൾ തന്നെ തെളിവാണ് (ഉദാ. 20, 24, 52,101,105). തിരുഹൃദയഭക്തിയെക്കുറിച്ചും തിരുഹൃദയപ്രേഷിതയായ വി. മാർഗരറ്റ് മറിയം അലക്കോക്കിനെക്കുറിച്ചും പഠിപ്പിക്കുന്ന വേളയും അജ്ഞാനികളുടെ മനസ്സുതിരിവിനായുള്ള പ്രാർഥനയ്ക്കായി ദൈവജനത്തോടഭ്യർഥിക്കുന്നതിന് പിതാവ് ഉപയോഗപ്പെടുത്തുകയാണ്:

**ഈശോയുടെ തിരുഹൃദയത്തിൽ പ്രശോഭിക്കുന്ന എളിമ, സാധുശീലം, ദൈവസ്നേഹം ആദിയായ പുണ്യങ്ങളെ കണ്ടുപഠിച്ചുകൊണ്ടു നിങ്ങളുടെ ഹൃദയങ്ങളിലും, അജ്ഞാനികളുടെ മനസ്സുതിരിവിനായി വേലചെയ്തുകൊണ്ടും ഇതിനു വേല ചെയ്യുന്നവരെ സഹായിച്ചുകൊണ്ടും ദൈവരാജ്യമായ തിരുസ്സഭയെ വർധിപ്പിച്ചുകൊണ്ടു പുറമെയും ദൈവരാജ്യത്തെ നിങ്ങൾ പരത്തുവിൻ (PL49).**

അപ്പസ്തോലന്മാർ മുതൽ ഇന്നുവരെയുള്ള വിശുദ്ധരുടെ മാതൃക നമുക്കു മാർഗനിദർശനമാണെന്നു മാത്രമല്ല, അവരുടെ മാധ്യസ്ഥശക്തിയും നമുക്ക് ശക്തിദായകമാണ്. നമ്മുടെ കർത്താവിന്റെ ശ്ലീഹന്മാരും അസംഖ്യം വേദസാക്ഷികളും ദൈവരാജ്യപ്രചരണത്തിനായി തങ്ങളുടെ ജീവനെ ബലികഴിച്ചു എന്നോർമിച്ചുകൊണ്ട് പിതാവ് ഉപദേശിക്കുന്നത് ഇങ്ങനെയാണ്: ''ആകയാൽ വന്ദ്യസഹോദരന്മാരേ, സ്നേഹിക്കപ്പെട്ട മക്കളേ, നമ്മുടെ കർത്താവിന്റെ അവസാനവേർപാടിൽ അങ്ങുന്നു നമ്മെ ഏൽപ്പിച്ച ദൈവരാജ്യത്തിന്റെ പ്രചാരവേലയെ

നടത്തുന്നതിൽ തങ്ങളുടെ ജീവനെക്കൂടെയും സമർപ്പിച്ചവരായ വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരെയും, പ്രത്യേകം നമ്മുടെ പിതാവായ വി. തോമായെയും കണ്ടുപഠിക്കണമെന്നു നാം നിങ്ങളോടു പ്രത്യേകം ഉപദേശിക്കുന്നു'' (PL 50).

അപ്പസ്തോലന്മാരുടെ പ്രേഷിതതീക്ഷ്ണത, പ്രത്യേകിച്ചും ഇന്ത്യയിൽ പ്രേഷിതവേല നിർവഹിച്ച തോമാശ്ലീഹായോടുള്ള ഭക്തിനിറഞ്ഞ അനുകരണവും പിതാവിനുണ്ടായിരുന്നു. പിതാവ് വേറൊരു ലേഖനത്തിൽ എഴുതുന്നു:

'വി. പത്രോസ് റോമായിലെന്നപോലെ, വി. തോമ്മാ ... ഇൻഡ്യയിലും പ്രത്യേകം മലയാളത്തും പ്രസംഗിച്ച് ഈ സത്യസഭയെ സ്ഥാപിച്ചു എന്നുള്ള അഭിമാനകരമായ വസ്തുത നിങ്ങൾ അനുസ്മരിക്കേണ്ടതാകുന്നു... ദൈവനാമത്തെ അറിയിക്കുന്നതിനും താൻ അറിയിച്ചിരുന്നതിനെ സ്ഥിരീകരിക്കുന്നതിനുമായി സ്വായുസ്സിനെ ബലികഴിച്ച ഈ വിശുദ്ധന്റെ നേരെ എന്തുമാത്രം കൃതജ്ഞതയ്ക്കും ഭക്തിക്കും നാം ഓരോരുത്തരും കടപ്പെട്ടിരിക്കുന്ന എന്നു വാക്കുകളാലോ ലേഖനങ്ങളാലോ വർണിപ്പാൻ അത്ര എളുപ്പമല്ല (PL 68).

വിശുദ്ധിയുടെ മാതൃകകൾ കണ്ടെത്തി.  വിശുദ്ധരെ വണങ്ങുന്നതിനും അവരെ അനുകരിക്കുന്നതിനും അവരുടെ പ്രേഷിതമാതൃക പിൻതുടരുന്നതിനും വിശ്വാസികളെ പ്രോത്സാഹിപ്പിച്ച പിതാവ് അതിനുള്ള പദ്ധതികളാവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനും ഏറെ ക്ലേശങ്ങൾ സഹിച്ചിട്ടുണ്ട്.

**3. വേദപ്രചാര പ്രവർത്തനങ്ങൾ**

ബെനഡിക്ട് പതിനഞ്ചാമൻ പാപ്പാ, 'അനേകർ ഇന്നും അന്ധകാരത്തിലും മരണത്തിന്റെ നിഴലിലുമാണ്' സഭയുടെ ആദ്യത്തെ പ്രേഷിതപ്രവർത്തനരേഖ എന്നു വിശേഷിപ്പിക്കാവുന്ന എന്ന് മാക്സിമും ഇല്ലൂദ് അതിന്റെ പ്രാരംഭത്തിൽത്തന്നെ ചൂണ്ടിക്കാണിക്കുന്നുണ്ട്. അതോടൊപ്പം, പ്രാർഥനവഴിയായി, ദൈവവിളി സ്വീകരിച്ചും അതിനെ പ്രോത്സാഹിപ്പിച്ചും സാമ്പത്തികസഹായമേകിയും മിഷനറി പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ഇതേ രേഖയിൽ (No. 32-36) വിശ്വാസികളെ പഠിപ്പിക്കുന്നു. സമകാലീനനും സഭയുടെ പരമാധ്യക്ഷനുമായിരുന്ന പാപ്പായുടെ പ്രബോധനങ്ങളെ ചേർത്തുവച്ചുകൊണ്ട്, നമ്മുടെ പിതാവ് ഏറെ താൽപ്പര്യത്തോടെയും ശ്രദ്ധയോടെയും വിശ്വാസികളെ പഠിപ്പിച്ചു:

എത്രയോ ആയിരം ജനം ശീശ്മയിലും എത്രയോ വലിയൊരു സംഖ്യ അജ്ഞാനത്തിലും ജീവിച്ചുവരുന്നു. നാം ഇവരുടെ മനസ്സു

തിരിവിനായി എന്തു ചെയ്തിട്ടുണ്ടെന്നും എന്തു ചെയ്യുന്നു എന്നും ഓർക്കേണ്ടിയിരിക്കുന്നു... ഉപേക്ഷ വിചാരിക്കുന്നെങ്കിൽ അത് അവരുടെ ആത്മരക്ഷയ്ക്കു പ്രതിബന്ധമായിരിക്കുന്നതുപോലെതന്നെ നിങ്ങളുടെ ആത്മരക്ഷയ്ക്കും പ്രതിബന്ധമായിരിക്കുമെന്നും നേരെമറിച്ചു ചെയ്യുന്നതായാൽ അതിനാൽത്തന്നെ നിങ്ങൾ മോക്ഷകിരീടത്തിനു യഥാർഥാവകാശികളായിത്തീരുന്നതാണെന്നും നിങ്ങൾ പ്രത്യേകം ഓർക്കേണ്ടതാണ്... എല്ലാറ്റിലും പ്രധാനമായി നാം ചെയ്യേണ്ടത്, നാം ആഗ്രഹിക്കുന്ന സകലനന്മകളും ലഭിപ്പാനായി ദൈവസഹായം അപേക്ഷിക്കുകയത്രേ ആകുന്നു'' (PL68).

പ്രാർഥനയോടൊപ്പം, മിഷനറി ദൈവവിളി പ്രോത്സാഹിപ്പിച്ചുകൊണ്ടും മിഷനറിപ്രവർത്തനത്തിനാവശ്യമായ ധനസമാഹരണത്തിനു വഴികൾ തേടിയും നിലവിലുള്ള പ്രേഷിതരെ സർവവിധത്തിലും പിന്തുണച്ചുകൊണ്ടും പിതാവ് പ്രവർത്തനനിരതനായിരുന്നു. തന്റെ ഭരണസാരഥ്യത്തിന്റെ ആദ്യകാലത്തുതന്നെ പിതാവ് ഇക്കാര്യങ്ങൾ ചെയ്യുന്നുണ്ട്. പത്രോസിന്റെ കാശ് എന്നപേരിലുള്ള സഭയുടെ ധനസമാഹരണം സുവിശേഷവത്ക്കരണപ്രവർത്തനങ്ങൾക്കുപകരിക്കുന്നതുപോലെ കേരളക്കരയിലെ വേദപ്രചരണത്തിനായി പിതാവ് രണ്ടു പ്രാവശ്യമായി ദനഹാത്തിരുനാളിലും ദുക്റാനത്തിരുനാളിലും തോമാശ്ലീഹായുടെ കാശ് എന്നപേരിൽ ഒരു പിരിവു നടത്തുന്നതിന് പ്രത്യേക ലേഖനമെഴുതി: ''...വി. തോമാശ്ലീഹായുടെ മക്കളെന്നു പ്രശംസിക്കുന്നവരായ നാമും തോമാശ്ലീഹായുടെ കാശ്... ധർമമായി നീക്കിവയ്ക്കുന്നുവെങ്കിൽ, വി. തോമാശ്ലീഹാ ഇവിടെ ആദ്യമായി പ്രസംഗിച്ച വിശ്വാസത്തെ ഈ നാട്ടിൽ എത്രയധികമായി പ്രസരിപ്പാനും പരസഹായം കൂടാതെ നമുക്കു സാധിക്കുന്നതാകുന്നു'' (PL 27)

കാര്യങ്ങളെ നിലവിലുള്ള രീതിയിൽത്തന്നെ നിലനിർത്താൻ വിട്ടുകൊടുക്കാതെ, അജപാലനപരവും പ്രേഷിതോന്മുഖവുമായ, ഒരു മാനസാന്തരത്തിന്റെ പാതയിൽ സഭ മുന്നേറുന്നതിന് ആഗ്രഹിക്കുന്ന ഫ്രാൻസിസ് പാപ്പാ ദൈവജനത്തോട് ആഹ്വാനം ചെയ്യുന്നത് അവർ സ്ഥായിയായ ഒരു പ്രേഷിതാവസ്ഥയിൽ ആയിരിക്കാനാണ് (EG 18). അവിടെ ഹൃദയങ്ങൾക്കൊപ്പം തന്നെ ഘടനകളെയും സ്വാധീനിക്കുന്നതിനു പരിവർത്തിതമാക്കുന്നതിനും കഴിയുന്ന ഒരു നവീകരണപ്രക്രിയ യഥാർഥവും ശാശ്വതവുമായ മാറ്റം ഉളവാക്കും. ഇക്കാര്യങ്ങളെക്കുറിച്ചു തികഞ്ഞ അവബോധമുണ്ടായിരുന്നതുകൊണ്ടാണ് സുവിശേഷവേലയെ കുടുംബവുമായി ബന്ധിപ്പിക്കുന്നത്.

*ശേഷം പേജ് 27-ൽ*

*പേജ് 22 തുടർച്ച*

മാതാപിതാക്കന്മാരുടെ ബഹുവിധങ്ങളായും ഗുരുതരങ്ങളായും ഉള്ള കടമകളെല്ലാം മക്കളെ വളർത്തുക എന്ന പ്രധാനകടമയിൽ അടങ്ങിയിരിക്കുന്നു... അത്രയുമല്ല, ഞാൻ സുവിശേഷം അറിയിക്കയില്ലായെങ്കിൽ എനിക്കു കഷ്ടം (1 കോറി 9:16) എന്ന വേദവാക്യപ്രകാരം വി. പൗലോസിന് പുറജാതിക്കാരുടെ അപ്പസ്തോലത്വം എപ്രകാരം ഏൽപ്പിക്കപ്പെട്ടുവോ അപ്രകാരംതന്നെ ഇതു ദൈവത്താൽ മാതാപിതാക്കൻമാർക്ക് ഏൽപ്പിക്കപ്പെട്ട കുടുംബസംബന്ധമായ വിശുദ്ധ അപ്പസ്തോലവേലയാകുന്നു. ഇതിനെ ക്രിസ്തീയമുറയ്ക്ക് അനുഷ്ഠിക്കുന്നവർ ഇതിനാൽത്തന്നെ പ്രമാണങ്ങളെല്ലാം നിവർത്തിക്കുകയും നിത്യരക്ഷ പ്രാപിക്കുകയും ചെയ്യുന്നു (PL 28).

റോമിലെ വേദപ്രചാരസംഘത്തിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കിയും അവയോടു യോജിച്ചും പദ്ധതികൾ ആസൂത്രണം ചെയ്തും, അന്നു നിലവിലുണ്ടായിരുന്ന വേദപ്രചാരണപ്രസ്ഥാനങ്ങളോടു ചേർന്ന്, പ്രത്യേകിച്ചും താഴ്ന്ന വർഗക്കാരായവരെ മാനസാന്തരപ്പെടുത്തി കത്തോലിക്കാസഭയിലേയ്ക്കു ചേർക്കുന്നതിന് ദൈവദാസനായ പുത്തൻപറമ്പിൽ തൊമ്മച്ചനെപ്പോലുള്ളവർക്കു ഉള്ളഴിഞ്ഞ് സഹായം നൽകിയും, മാർതോമ്മാദാസർ എന്ന പേരിലുള്ള സംഘം സ്ഥാപിച്ചും പിതാവ് തന്റെ പ്രേഷിതത്വകടമ നിർവഹിക്കുന്നതിനു യത്നിച്ചു. അജ്ഞാനികളെ വേദമറിയിക്കുകയും ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്യുക എന്നത് പ്രത്യേക ദൗത്യമായി കരുതിയ കുര്യാളശ്ശേരിപ്പിതാവ് സഭൈക്യപ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി കണ്ടു. അക്കാലത്തും തുടർന്നും യാക്കോബായ സഭയിലെ അനേകരെ കത്തോലിക്കാസഭയിലേയ്ക്കു പരിവർത്തനപ്പെടുത്തുന്നതിന് പിതാവിന്റെ സ്നേഹവും സഹിഷ്ണുതയും നിറഞ്ഞ സമീപനം കൊണ്ട് സാധിച്ചിട്ടുണ്ട്.

**4. പ്രേഷിതപരിശീലനം**

'ക്രിസ്തുവിൽ എല്ലാം നവീകരിക്കുന്നതിനു'വേണ്ടിയുള്ള മതബോധനപരമായ പുതിയ കർമപരിപാടികൾ, വിശുദ്ധിയുടെയും സാഹോദര്യജീവിതത്തിന്റെയും നവീകൃതമാതൃകകൾ, ദൈവശാസ്ത്രപരമായ പുതിയ കാഴ്ചപ്പാടുകൾ, എന്നിവയെല്ലാം മിഷനറിപ്രവർത്തത്തിന്റെ വിജയത്തിന് ആവശ്യമാണെന്ന തിരിച്ചറിവിൽ പിതാവ് പ്രേഷിതപരിശീലനത്തിന്റെ പ്രാധാന്യവും വിസ്മരിച്ചില്ല.

വിശ്വാസികളെ, സത്യവിശ്വാസത്തെക്കുറിച്ചും സഭയിലെ കൗദാശികജീവിതത്തെക്കുറിച്ചും ധാർമികജീവിതത്തെക്കുറിച്ചും പഠിപ്പിച്ചുകൊണ്ട് ദൈവികമാർഗത്തിൽ നിലനിർത്തി. സഭയിൽനിന്നു

പലവിധ കാരണങ്ങളാൽ ഭിന്നിച്ചു നിന്നിരുന്നവരെ ഉപദേശംകൊണ്ടും അതിലുപരി ക്ഷമകൊണ്ടും സ്നേഹപൂർണമായ വർത്തനംകൊണ്ടും കൂട്ടിച്ചേർക്കുന്നതിന് പിതാവിനു സാധിച്ചിട്ടുണ്ട്. സത്യമാർഗം അറിയാത്തവരുടെയിടയിൽ സുവിശേഷപ്രഘോഷണത്തിന്റെ മാതൃകകൾ അവതരിപ്പിച്ചും, താൻതന്നെ മാതൃകയായി മാറിയും പിതാവ് ദൈവജനത്തെ പരിശീലിപ്പിച്ചു.

സഭയുടെ പ്രേഷിതസ്വഭാവത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു: 'ഞാൻ സുവിശേഷം പ്രസംഗിക്കാതിരുന്നാൽ എനിക്കു നാശം' (1 കോറി 9:16) എന്ന അപ്പസ്തോലന്റെ വാക്കുകൾ സഭ സ്വന്തമാക്കുകയും, പുതുതായി രൂപംകൊള്ളുന്ന സഭകൾ പൂർണമായി സ്ഥാപിതമാകുകയും സ്വയം സുവിശേഷവേല തുടരുകയും ചെയ്യുന്നതുവരെ പ്രേഷിതരെ ഇടവിടാതെ അയച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതാണ് (LG 17). സഭയുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിൽ വിദ്യാദാനം നൽകിയും, മറ്റു പ്രേഷിതമേഖലകൾ വികസിപ്പിച്ചും പിതാവ് സീറോമലബാർ സഭയുടെ പ്രേഷിതമാനത്ത വ്യക്തമാക്കി. അനേകംപേരുടെ ദൈവവിളികൾ തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിച്ചിരുന്ന പിതാവിനാൽ ആകർഷിക്കപ്പെട്ടവർ ഏറെ സമർപ്പണത്തോടെ ഇന്ത്യയിലും വിദേശത്തും പ്രേഷിതവേല നിർവഹിച്ചിട്ടുണ്ട്.

## ഉപസംഹാരം

'സഭ അതിന്റെ പ്രേഷിതലക്ഷ്യത്തിൽനിന്ന് വളരെ അകലെയാണ്' എന്ന വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പായുടെ ആത്മനൊമ്പരം ഏററുവാങ്ങുന്ന നമ്മുടെ പുണ്യപിതാവ് 'ദൈവരാജ്യത്തിന്റെ വർധനവിനായുള്ള വിശുദ്ധവേല എന്ന ലക്ഷ്യമാക്കിയാണ് വിശുദ്ധ കുർബാനയുടെ ആരാധനാസന്യാസിനീ സഭ സ്ഥാപിച്ചതും, സത്യവിശ്വാസം പ്രചരിപ്പിക്കുന്നതിനായി 'മാർതോമ്മാ ദാസസംഘം' എന്ന കൂട്ടായ്മ രൂപീകരിച്ചതും. മിഷനറിമാരെ പരിശീലിപ്പിക്കുവാനുള്ള പരിശ്രമങ്ങളോടൊപ്പം ദിവ്യകാരുണ്യ മിഷനറി സഭ (MCBS) ആരംഭിക്കുന്നതിനുവേണ്ടിയുള്ള ഒരുക്കങ്ങൾ ചെയ്ത എന്നതും അദ്ദേഹത്തിന്റെ പ്രേഷിതതീക്ഷ്ണതയുടെ പ്രകടമായ മാനങ്ങളായിരുന്നു. നമ്മുടെ പ്രേഷിതചൈതന്യത്തെ ശക്തിപ്പെടുത്താനുള്ള സുവർണാവസരമായി 2022-നെ സീറോമലബാർ സഭാസിനഡ് നമ്മുടെ മുമ്പിൽ വയ്ക്കുമ്പോൾ, ചങ്ങനാശ്ശേരിയുടെ പ്രഥമമെത്രാനും പ്രേഷിതതീക്ഷ്ണതയുടെ പ്രശോഭ പകർന്നവനുമായ ധന്യൻ മാർ തോമസ് കുര്യാളശ്ശേരിപ്പിതാവിനെ നമുക്കു മാർഗദർശിയാക്കാം.



# ധന്യപിതാവിന്റെ മാധ്യസ്ഥ്യംതേടി

**സി. ഡോ. തെരേസ നടുപ്പടവിൽ SABS**

**അരുണകിരണം** ഏറ്റുവാങ്ങുമൊരമ്പിളിപോലെ
ദൈവതേജസ്സിൽ വിളങ്ങിടും ധന്യപിതാവേ
സുകൃതസൂനമേറ്റുവാങ്ങാൻ വന്നിതാ സവിധേ
മാതൃകയായ് മധ്യസ്ഥനായ് അങ്ങു വാഴുക

മാർതോമ്മാ മെത്രാനേ പുണ്യതാതനേ
ഞങ്ങൾക്കായ് എപ്പോഴും പ്രാർഥിക്കണമെ

മാർ തോമ്മാ മക്കൾക്കൊരാത്മ നിറവായി
ദിവ്യകാരുണ്യത്തിൻ പ്രേഷിതനായി
ജ്ഞാനവും ഭക്തിയും വിതച്ചിവരിൽ
എന്നുമിവിടെ നന്മകൊയ്യും ധന്യതാതനേ

മാർതോമ്മാ മെത്രാനേ പുണ്യതാതനേ
ഞങ്ങൾക്കായ് എപ്പോഴും പ്രാർഥിക്കണമെ

വിശ്വാസത്തിൻ പരിചയെടുത്തു വചനവാളേന്തി
അജ്ഞാനത്തിന്നിരുളു നീക്കിയൊരാത്മനായകനേ
ഭൂമിതൻ ലവണമായ് ദീപമായ് ഇവരും
ജ്ഞാനപ്രഭ വീശിടുവാൻ പ്രാർഥിച്ചീടണമേ



# ഇടവക വാർത്തകൾ

## സെൻ്റ് മേരീസ് മെത്രാപ്പോലീത്തൻ സൺഡേ സ്കൂൾ

സൺഡേസ്കൂൾ അദ്ധ്യാപകരായ ശ്രീ. ജോമ കാട്ടടിയും ശ്രീ. ഷിബിൻ കറുകയിലും സെൻ്റ്. മേരീസ് മെത്രാപ്പോലീത്തൻപള്ളിയുടെ കൈക്കാരന്മാരായി ഏപ്രിൽ ഒന്നാം തീയതി ചുമതലയേറ്റു. ഇരുവർക്കും സൺഡേസ്കൂൾ കുടുംബത്തിൻ്റെ അഭിനന്ദനങ്ങൾ.

## വിശ്വാസോത്സവം

ഒന്നു മുതൽ ഒൻപതുവരെയുള്ള ക്ലാസ്സുകളുടെ വിശ്വാസോത്സവം ഏപ്രിൽ 3 മുതൽ 9 ശനി വരെയുള്ള ദിവസങ്ങളിൽ രാവിലെ 7-ൻ്റെ വിശുദ്ധകുർബാനയോടെ ആരംഭിച്ച് 10.30 വരെ വിവിധ സെക്ഷനുകളായി നടന്നു. ഏപ്രിൽ 3 ഞായറാഴ്ച 9.45 ന് സപ്രാ, തുടർന്ന് പതാക ഉയർത്തൽ വികാരി പെരിയ ബഹുമാനപ്പെട്ട ജോസ് കൊച്ചുപറമ്പിൽ അച്ചൻ നിർവഹിച്ചു. സൺഡേസ്കൂൾ ഡയറക്ടർ ബഹുമാനപ്പെട്ട അലൻ വെട്ടുകുഴി അച്ചൻ സമ്മേളനത്തിന് സ്വാഗതവും ഹെഡ്മാസ്റ്റർ ശ്രീ. സോണി കണ്ടംകരി കൃതജ്ഞതയും അർപ്പിച്ചു. തുടർന്ന് ബഹുമാനപ്പെട്ട അലൻ വെട്ടുകുഴി അച്ചൻ്റെ കാർമ്മികത്വത്തിൽ വി. കുർബാന അർപ്പിച്ചു. പെരിയ ബഹുമാനപ്പെട്ട വികാരി അച്ചൻ തിരി തെളിച്ച് വിശ്വാസോത്സവം ഉദ്ഘാടനകർമ്മം ചെയ്തു. ശ്രീ. സനീഷ് പി.സി. സാർ വിശ്വാസോത്സവ ആന്തം വിദ്യാർത്ഥികളെ പഠിപ്പിച്ചു. അസംബ്ലിയിൽ എല്ലാരും ചേർന്ന് ആന്തം ആലപിച്ചു.

ഇൻഫൻ്റ് സെക്ഷനിൽ ശ്രീമതി ബീനാ ജോബി, ശ്രീമതി മഞ്ചു മാർട്ടിൻ എന്നിവരുടെ നേതൃത്വത്തിലും പ്രാഥമിക വിഭാഗം സി. ഡെൽന പൊട്ടുകുളം, ശ്രീമതി. ബീനാ ളാഹയിൽ എന്നിവരുടെ നേ

ത്വത്തിലും ജൂണിയർ വിഭാഗം ശ്രീമതി. സിസൺ, സൗമ്യ, സി. പ്രസൂന എന്നിവരുടെ നേതൃത്വത്തിലും സീനിയർ വിഭാഗത്തിൽ ശ്രീ. സണ്ണി കോയിപ്പള്ളി, സി. അമൻ മരിയ, ശ്രീമതി. സിലി ജോണി എന്നിവരുടെ നേതൃത്വത്തിലും നടന്നു.

## ജീവകാരുണ്യപ്രവർത്തനം പങ്കാളിത്വം

വിശ്വാസോത്സവ കോർഡിനേറ്റർ ശ്രീ. രാജു നീലത്തുംമുക്കിൽ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവത്കരിക്കുകയും സെന്റ് ആൻസ് പുവർഹോമിലും, അൽഫോൻസാ ബാലികാ ഭവനിലും ഉള്ള അന്തേവാസികൾക്ക് നൽകുവാൻ സാധിക്കുന്ന സ്റ്റേഷനറി സാധനങ്ങൾ ഓരോ വിദ്യാർത്ഥിയും കൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. ഡയറക്ടർ അച്ചന്റെയും ഹെഡ്മാസ്റ്റർ സാറിന്റെയും നേതൃത്വത്തിൽ അവ ശേഖരിച്ച് മന്ദിരത്തിലും ബാലികാഭവനിലും എത്തിച്ചു.

## അഭിവന്ദ്യപിതാക്കന്മാരുടെ സന്ദർശനം

ഏപ്രിൽ 8-ാം തീയതി വിശ്വാസോത്സവ മദ്ധ്യേ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവും മാർ തോമസ് തറയിൽ പിതാവും വിദ്യാർത്ഥികളെ അഭിസംബോധന ചെയ്തു. തദവസരത്തിൽ ശ്രീമതി. ബീനാ ജോബി സ്വാഗതവും ശ്രീ. സണ്ണി കോയിപ്പള്ളി കൃതജ്ഞതയും അർപ്പിച്ചു. ഓരോ വിഭാഗത്തിലെയും വിദ്യാർത്ഥികൾ തങ്ങളുടെ വിശ്വാസോത്സവം അനുഭവങ്ങൾ പങ്കുവെച്ചും ഗ്രൂപ്പ് തിരിഞ്ഞ് വിദ്യാർത്ഥികൾ അച്ചടക്കത്തോടെ അവതരിപ്പിച്ചു. എക്സർസൈസ് പിതാക്കന്മാരുടെ അഭിനന്ദനങ്ങൾക്ക് അർഹമായി.

## വിശ്വാസ പ്രഘോഷണറാലി

ഏപ്രിൽ ഒൻപതാം തീയതി വിശ്വാസോത്സവത്തിന്റെ ആദ്യഘട്ട സമാപനദിവസം കുട്ടികളുടെ വർണ്ണശബളമായി വിശ്വാസപ്രഘോഷണ റാലി നടന്നു. മെത്രാപ്പൊലീത്തൻപള്ളിയുടെ വിശ്വാസപാരമ്പര്യവും പ്രൗഢിയും പേറുന്ന കൽകുരിശിന് സമീപം വിദ്യാർത്ഥികൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ പതാകയുടെ കീഴിൽ പതാകയുടെ നിറമുള്ള വസ്ത്രങ്ങൾ ധരിച്ച്, കയ്യിൽ റിബൺ കെട്ടി, ബലൂണുകൾ പിടിച്ച് കൊടികളും ബാനറുകളുമായി അണിനിരന്നു. കൽക്കുരിശ് ചുറ്റി, പടികൾ ഇറങ്ങി, വികാസ് റോഡിലൂടെ മുദ്രാവാക്യങ്ങൾ മുഴക്കി, പ്ലാക്കാർഡുകൾ പിടിച്ച് പൊതുനിരത്തിലൂടെ വിശ്വാസ വിളംബരത്തോടെ നടത്തിയ റാലി ഹൃദ്യമായി പെരിയ ബഹുമാനപ്പെട്ട വികാരി അച്ചൻ റാലി ഫ്ളാഗ് ഓഫ് ചെയ്യുകയും ബഹുമാനപ്പെട്ട

ഡയറക്ടർ അച്ചനും ഹെഡ്മാസ്റ്ററും ചേർന്ന് അജപാലനകേന്ദ്രത്തിൽ വച്ച് റാലി ഹൃദ്യമായി സ്വീകരിക്കുകയും ചെയ്തു. ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടത്തിയ റാലി വിലയിരുത്തി ബെസ്റ്റ് റാലിക്ക് റെഡ് ഗ്രൂപ്പിന് സമ്മാനം നല്കി.

## സ്നേഹവിരുന്ന്

വിശ്വാസോത്സവത്തിന്റെ ദിനങ്ങളിൽ വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണവും സമാപനദിനങ്ങളിൽ പ്രഭാതഭക്ഷണവും നല്കി. ബഥനി ബൈബിൾ സ്റ്റഡീസ് ക്യാമ്പിന്റെ സമാപനദിവസമായ മെയ് 18-ാം തീയതി മാതൃജ്യോതിസ് അംഗങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ഉച്ചഭക്ഷണവും വിദ്യാർത്ഥികൾക്ക് നല്കുക ഉണ്ടായി.

## അദ്ധ്യാപക കൂട്ടായ്മ യാത്രയപ്പ് സമ്മേളനവും

കഴിഞ്ഞ നാളുകളിൽ സൺഡേസ്കൂൾ പ്രവർത്തനങ്ങളിൽ നിർണ്ണായകമായി സംഭാവനകൾ നല്കിയ സ്റ്റാഫ് സെക്രട്ടറി സിസ്റ്റർ ജീനാ CMC യും സിസ്റ്റർ പ്രസുന CMCയും സ്ഥലം മാറി പോകുന്നതിനാൽ അവർക്ക് യാത്രാമംഗളങ്ങളും കൃതജ്ഞതയും അർപ്പിക്കാനും വിവാഹിതയായ അദ്ധ്യാപിക ജിനുവിനും കുടുംബത്തിനും ആശംസകൾ അർപ്പിക്കാനും ഏപ്രിൽ 21-ാം തീയതി സായാഹ്നത്തിൽ സൺഡേസ്കൂൾ ഓഫീസിൽ അദ്ധ്യാപകർ ഒന്നുചേർന്നു.

## നാമഹേതുക തിരുനാൾ

ഏപ്രിൽ 24-ാം തീയതി വി. ഗീവർഗീസ്സിന്റെ നാമധാരിയായ ബഹുമാനപ്പെട്ട അലൻ വെട്ടുകുഴി അച്ചന് നാമഹേതുക തിരുനാൾ മംഗളങ്ങൾ സൺഡേസ്കൂൾ കുടുംബാംഗങ്ങൾ ആശംസിച്ചു.

## എക്സിക്യൂട്ടീവ് മീറ്റിംഗ്

10, 11, 12 ക്ലാസ്സുകളുടെ വിശ്വാസോത്സവും ബഥനി ബൈബിൾ പഠനക്യാമ്പ്, പ്രമോഷൻ ലിസ്റ്റ് തയ്യാറാക്കൽ പുതിയ സ്റ്റാഫ് സെക്രട്ടറി പുതിയ CML ജോയിന്റ് ഡയറക്ടർ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ആലോചിക്കാൻ എക്സിക്യൂട്ടീവ് യോഗം ഏപ്രിൽ 20-ാം തീയതി കൂടുകയുണ്ടായി. ഏപ്രിൽ 30 ശനി, മെയ് 2 തിങ്കൾ, മെയ് 8 ഞായർ, മെയ് 14 ശനി, മെയ് 15 ഞായർ എന്നീ ദിവസങ്ങളിൽ രാവിലെ വി. കുർബാനയോടു കൂടി 10, 11, 12 ക്ലാസ്സുകളിലെ വിശ്വാസോത്സവവും നടത്താൻ തീരുമാനിച്ചു. സി. ക്ലാരിസ് CMCയെ സ്റ്റാഫ് സെക്രട്ടറിയായും സി. അമൽ മരിയ CMC യെ മിഷ്യൻലീഗ് ജോയിന്റ് ഡയറക്ടറായും തിരഞ്ഞെടുത്തു.

## വിശ്വാസോത്സവം 10, 11, 12 ക്ലാസ്സുകൾ

ഏപ്രിൽ 30 ശനിയാഴ്ച 6 മണിയുടെ വി. കുർബാനയോടെ ആരംഭിച്ച് 9 മണിവരെ രണ്ട് സെക്ഷനിലായി 10-ാം ക്ലാസ് മീഡിയറൂമിലും 11, 12 കബറടക്കപള്ളിയിലും നടത്തപ്പെട്ടു. ശ്രീ. സണ്ണി കോയിപ്പള്ളി, ശ്രീ. നവീൻ വെട്ടുകുഴി, ശ്രീമതി. മിനി ഫ്രാൻസീസ്സ് വട്ടക്കളം, ശ്രീ. ജിജി കോട്ടക്കൽ, ബ്ര. റ്റോണി പുതുവീട്ടിക്കളം, സന്ദേശനിലയം റീജന്റ് ബ്ര. അലക്സ് എന്നിവരുടെ നേതൃത്വത്തിൽ 11, 12 ക്ലാസ്സുകളുടെ വിശ്വാസോത്സവവും നടന്നു. ശ്രീ. രാജു നീലത്തുംമുക്കിൽ, ശ്രീമതി. വിജി ചാക്കോ കിഴക്കേഅറക്കൽ എന്നിവർ വിശ്വാസോത്സവത്തിന്റെ കോർഡിനേറ്റർമാരായി പ്രവർത്തിച്ചു.

## ബഥനി ബൈബിൾ പഠനക്ലാസ്

വിശ്വാസോത്സവത്തിന്റെ രണ്ടാം ഭാഗമായി 1 മുതൽ 12 വരെ ക്ലാസിലെ കുട്ടികൾക്ക് മെയ് 16, 17, 18 ദിവസങ്ങളിൽ രാവിലെ 8 മണി മുതൽ വൈകുന്നേരം 3.30 വരെ ബൈബിൾ പഠനക്ലാസ് നടന്നു. ബഥനി വൈദികരും ബ്രദേഴ്സുമായ ഫാ. ജെയിംസ്, ഫാ. ബഞ്ചമിൻ, ഡീക്കൻ അലക്സിസ്, ബിവിൻ, ജോഷിൻ, ജോൺ മാത്യു, സ്റ്റാലിൻ, ജിൻസ് എന്നിവരുടെ നേതൃത്വത്തിൽ ബൈബിൾ ക്ലാസ്സുകളും, ബൈബിൾ ഗെയിംസ്, ആക്ഷൻ സോങ്സ്, മോട്ടിവേഷൻ ക്ലാസ്സ്, ഇൻഡോർ & ഔട്ട്ഡോർ ഗെയിംസ്, പേഴ്സണാലിറ്റി ഡവലപ്മെന്റ് ക്ലാസ്സ്, ഗ്രൂപ്പ് ഡിസ്കഷൻ എന്നിവ നടന്നു 'അറിയുക, സ്നേഹിക്കുക, വളരുക' എന്നീ ലക്ഷ്യത്തോടെ സെന്റ്. മേരീസ് മെത്രാപ്പോലീത്തൻ ഇടവക നടത്തിയ ബൈബിൾ പഠനക്ലാസ്സിൽ അസംഷൻ, വാഴപ്പള്ളി എന്നീ സൺഡേസ്കൂളിലെ കുട്ടികളും പങ്കുചേർന്നു. കത്തീഡ്രൽ ഇടവകയുടെ ചരിത്രത്തിൽ ആദ്യമായി സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായി പള്ളി അങ്കണത്തിൽ ഒരു ബൈബിൾ പഠനക്ലാസ് സംഘടിപ്പിക്കപ്പെട്ടത് ഒരു പുതിയ അനുഭവമായിരുന്നു. വൈദികരോടും വൈദീകവിദ്യാർത്ഥികളോടും ഒപ്പം ആടിയും പാടിയും ചിരിച്ചും കളിച്ചും തിരുവചനങ്ങൾ പഠിച്ചും ഉരുവിട്ടും ചിന്തോദീപകമായ മൂന്നുദിനങ്ങൾ വിദ്യാർത്ഥികൾ അവിസ്മരണീയമാക്കി.

## വിശ്വാസോത്സവ സമാപനം

പെരിയ ബഹുമാനപ്പെട്ട വികാരി അച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമാപനയോഗത്തിൽ ബഹുമാനപ്പെട്ട റ്റോണി കരിക്കണ്ടം അച്ചൻ സ്വാഗതവും ബഹുമാനപ്പെട്ട റ്റോബി പുളിക്കശ്ശേരി അച്ചൻ

ഉദ്ഘാടനവും നിർവ്വഹിച്ചു. കുട്ടികളുടെ വിവിധങ്ങളായ കലാപരിപാടികൾ സമ്മേളനത്തിന്റെ മാറ്റ് വർദ്ധിപ്പിച്ചു. കഴിഞ്ഞ പ്രവർത്തന വർഷത്തിൽ ഓൺലൈൻ ഓഫ്ലൈൻ മാധ്യമങ്ങളിലൂടെ നടത്തിയ വിവിധ മത്സരവിജയികൾക്കും വിശ്വാസോത്സവദിനങ്ങളിൽ മികച്ച പ്രകടനങ്ങൾ കാഴ്ചവെച്ച ഗ്രൂപ്പുകൾക്കും ക്യാമ്പ് ദിനങ്ങളിൽ ബസ്റ്റ് ക്യാപേഴ്സായവർക്കും സമ്മാനങ്ങൾ ബഹുമാനപ്പെട്ട അലൻ വെട്ടുകുഴി അച്ചൻ വിതരണം ചെയ്തു. കൊവിഡ് മഹാമാരി മൂലം രണ്ടുവർഷമായി നടത്താൻ കഴിയാതിരുന്ന വിശ്വാസോത്സവം പൂർവ്വാധികം ആഘോഷപൂർവം നടത്തുവാൻ കൃപ വർഷിച്ച ദൈവത്തിന് നന്ദി അർപ്പിക്കുന്നു.

## ചെറുപുഷ്പം മിഷൻലീഗ്

'ഭാരതമേ നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ'' എന്ന് ലെയോ 13-ാംമൻ മാർപാപ്പയുടെ ആപ്തവാക്യം സ്വന്തമാക്കി മുന്നോട്ടു നീങ്ങുന്ന സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദേവാലയത്തിലെ കുഞ്ഞുമിഷണറിമാർ എല്ലാ ശനിയാഴ്ചയും രാവിലെ 7 നുള്ള കുർബാനയിൽ സംബന്ധിക്കുകയും ശനിയാഴ്ച സമ്മേളനം നടത്തിവരുകയും ചെയ്യുന്നു. ഓരോ മാസവും പ്രത്യേകം അനുസ്മരിക്കപ്പെടുന്നു. വിശുദ്ധാത്മാക്കളെ പരിചയപ്പെടുത്തുകയും ഒപ്പം ആ മാസം ജന്മദിനം ആഘോഷിക്കുന്ന കുഞ്ഞുമിഷനറിമാർക്ക് ആശംസകൾ നേരുകയും ചെയ്യുന്നു.

2022 -ലെ ശാഖാതല ആനിമേറ്ററിനെയും ഭാരവാഹികളെയും പുതുതായി തിരഞ്ഞെടുക്കുകയും ചെയ്തു. പുതുതായി തിരഞ്ഞെടുത്ത ആനിമേറ്ററായ സിസ്റ്റർ അമൽ മരിയ പ്രസിഡന്റ് ജോയൽ ജോ ജോസഫ്, വൈസ് പ്രസിഡന്റ് ആൽഫി മാർട്ടിൻ സെക്രട്ടറി ബെനഡിക്റ്റ് മനോജും ജോയിൻ സെക്രട്ടറി ഐശ്വര്യ മാത്യു എന്നിവരെ തിരഞ്ഞെടുത്തു. പുതിയ ഭാരവാഹികൾക്ക് അനുമോദനവും പഴയ ഭാരവാഹികളായ പ്രസിഡന്റ് സാവിയോ ബിജു വൈസ് പ്രസിഡന്റ് അന്നാ മോൾ മാർട്ടിൻ (സെക്രട്ടറി) മാർട്ടിൻ (ജോയിന്റ് സെക്രട്ടറി) സ്റ്റെഫി സോജിയെയും കൂടാതെ പഴയ ആനിമേറ്ററായ ജീന സിസ്റ്റർക്കും നന്ദി അർപ്പിച്ച് മിഷൻ ലീഗിന്റെ ഡയറക്ടർ അച്ചനായ അലൻ വെട്ടുകുഴിയിൽ അച്ചനും സണ്ണി സാറും സംസാരിക്കുകയും ചെയ്തു. ചങ്ങനാശ്ശേരി മേഖലയിൽ ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ സംഗമം ഏയ്ഞ്ചൽസ്മീറ്റ് 2022 വെരൂർ പള്ളിയിൽ വച്ചു നടത്തപ്പെട്ടു. അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് കുഞ്ഞുമിഷനറിമാരെ സന്ദർശിക്കുകയും സന്ദേശം നൽകുകയും ചെയ്തു. വിവിധ

ശാഖയിൽ നിന്നായി 330 കുട്ടികൾ പങ്കെടുത്ത എയ്ഞ്ചൽസ്മീറ്റിൽ നമ്മുടെ ഇടവകയിൽ 25 കുട്ടികളും മിഷൻലീഗിന്റെ ഭാരവാഹികളും പങ്കെടുത്തു. പ്രിയ കുഞ്ഞുമിഷനറിമാരെ ഈശോയെടൊത്തുള്ള നിങ്ങളുടെ ജീവിതവിശുദ്ധി കാത്തുസൂക്ഷിക്കാൻ നിങ്ങൾക്ക് ഓരോരുത്തർക്കു സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. ജയ് മിഷൻലീഗ്.

## ചാസ് യൂണിറ്റ്

**കാൻസർരോഗ നിർണയക്യാമ്പ്**

ചങ്ങനാശേരി സോഷ്യൽ സർവീസ് ട്രസ്റ്റും തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളജും സംയുക്തമായി മെത്രാപ്പോലീത്തൻ പള്ളി ആഡിറ്റോറിയത്തിൽ കാൻസർ രോഗനിർണയക്യാമ്പ് സംഘടിപ്പിച്ചു. ജോബ് മൈക്കിൾ എംഎൽഎ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പ്രാരംഭഘട്ടത്തിൽ തന്നെ കാൻസർ രോഗനിർണയം നടത്തുന്നത് രോഗശാന്തിക്ക് ഏറ്റവും പ്രധാനമാണെന്ന് അദ്ദേഹം പ്രസ്താവിച്ചു. യോഗത്തിൽ മെത്രാപ്പോലീത്തൻ ഇടവക വികാരി ഫാ. ജോസ് കൊച്ചുപറമ്പിൽ അധ്യക്ഷത വഹിച്ചു. നഗരസഭാ ചെയർപേഴ്സൺ സന്ധ്യാ മനോജ് മുഖ്യപ്രഭാഷണം നടത്തി. ചാസ് അതിരൂപതാ ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പുറം, നഗരസഭാ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ബീനാ ജോബി തൂമ്പുങ്കൽ, പുഷ്പഗിരി മെഡിക്കൽ കോളജ് പ്രതിനിധി ഡോ. വിപിൻ, കൈക്കാരൻ തങ്കച്ചൻ പുന്നശേരി, യൂണിറ്റ് പ്രസിഡന്റ് പ്രിൻസ് ചക്കാലയിൽ, സെക്രട്ടറി ജോർജ് വർക്കി, ചാസ് കോ-ഓർഡിനേറ്റർ ബിന്ദു തോമസ് എന്നിവർ സംസാരിച്ചു.

## മാതൃ-പിതൃവേദി

മാതൃപിതൃവേദി 2021-2022 വാർഷികവും, പ്രവർത്തനവർഷ ഉദ്ഘാടനവും, വനിതാദിനാഘോഷവും, ജോസഫ് നാമധാരികൾക്ക് ആശംസകൾ, നിശബ്ദസേവകരെ ആദരിക്കൽ, ഓശാന ഞായർ ദിനത്തിൽ സീനിയർ സിറ്റിസൺ (വയോജനദിനം) രോഗീദിനമായി ആചരിക്കുകയും, കത്തീഡ്രൽ വികാരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ അച്ചന്റേയും, മാതൃപിതൃവേദി ഡയറക്ടർ ഫാ. റ്റോബി പുളിക്കശ്ശേരി അച്ചന്റേയും നേതൃത്വത്തിൽ വി. ബലിയും, കുരുത്തോല വിതരണവും നടത്തുകയും, മാതൃപിതൃവേദി അംഗങ്ങൾ സ്നേഹവിരുന്ന് നല്കുകയും ചെയ്തു. തുടർന്ന് കെ-റെയിൽ, സർക്കാരിന്റെ മദ്യനയത്തിനെതിരെയും, പാചകവാതക വില വർദ്ധനവിനെതിരെയും,

ഇന്ധനവിലവർദ്ധനവിനെതിരെയും പ്രതിഷേധപ്രകടനം നടത്തുകയും ഉണ്ടായി. 15.05.2022 മാതൃദിനാഘോഷത്തിന്റെ ഭാഗമായി മൂന്നും അതിൽ കൂടുതലും കുട്ടികളുള്ള മാതാപിതാക്കളെ ആദരിക്കുകയും, വൈദികരും, സന്യസ്തരുമായുള്ള മക്കളുടെ അമ്മമാർക്ക് ആദരവു നല്കുകയും ചെയ്തു. മുൻ മാതൃവേദി അംഗമായി പ്രവർത്തിച്ചിരുന്നു. ഒരംഗത്തിന് പൊന്നാടയണിച്ച് ആദരിക്കുകയും ചെയ്തു. 22.05.2022 ഞായറാഴ്ച മാതൃവേദി സഹമധ്യസ്ഥ ആയ വി. റീത്താ പുണ്യവതിയുടെ ഫീസ്റ്റ് ആചരിച്ചുകൊണ്ട് പതാക ഉയർത്തൽ കർമ്മം നടത്തുകയും ചെയ്തു. മാതൃപിതൃവേദി ഡയറക്ടറായ ഫാ. റ്റോബി പുളിക്കശ്ശേരി അച്ചന്റെ പിറന്നാൾ ദിനത്തിൽ മാതൃപിതൃവേദി അംഗങ്ങൾ കേക്ക് മുറിയ്ക്കുകയും അച്ചന് പിറന്നാൾ മംഗളങ്ങൾ നേരുകയും ചെയ്തു. ഒരു വർഷക്കാലത്തോളം മാതൃപിതൃവേദി ആനിമേറ്ററായി പ്രവർത്തിച്ചിരുന്ന സിസ്റ്റർ. ജാസ്മിൻ CMCയ്ക്ക് ഇവിടെനിന്നും സ്ഥലം മാറിപ്പോകുന്നതിന് യാത്രയയപ്പ് നല്കുകയും ചെയ്തു.

പ്രസിഡന്റുമാർ: **ശ്രീ. സിബിച്ചൻ ചക്കുപുരയ്ക്കൽ**
**ശ്രീമതി. കൊച്ചുറാണി ജോസഫ് കൊച്ചുപുരയ്ക്കൽ**

## Community Awareness and Rights Protection (CARP

**ചങ്ങനാശ്ശേരി അതിരൂപത**

സമുദായത്തെപറ്റി പഠിച്ച്, അവയുടെ അവകാശസംരക്ഷണത്തിനായുള്ള അവബോധം വളർത്തുന്നതിന് അതിരൂപതാ ആസ്ഥാനത്ത് ആരംഭിച്ചിരിക്കുന്ന പുതിയ വകുപ്പാണ് CARP. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക സമുദായങ്ങൾക്കുള്ള സംവരണം (EWS) ഉൾപ്പെടെയുള്ള കാര്യങ്ങളിൽ അടുത്തകാലത്ത് ഫലപ്രദമായി ഇടപെടുവാൻ ഈ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ഇനി മുതൽ ഇടവകതലത്തിലും ഈ വകുപ്പിന്റെ പ്രതിനിധികൾ വഴി സമുദായ അംഗങ്ങൾക്ക് ഇത്തരം കാര്യങ്ങളിൽ ബോധവൽക്കരണം നടത്തേണ്ടിയിരിയ്ക്കുന്നു. EWS സംവരണം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ, ന്യൂനപക്ഷക്ഷേമവകുപ്പിന്റെ പദ്ധതികൾ വിവിധ മേഖലകളിലെ ജോലി സാദ്ധ്യതകൾ, +2 മുതൽ സെൻട്രൽ യൂണിവേഴ്സിറ്റികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലേക്കുള്ള അഡ്മിഷൻ ക്രമങ്ങൾ ഇവയെപറ്റി എല്ലാം ഇനി മുതൽ CARP ൽ നിന്നും വിവരങ്ങൾ ലഭ്യമാകുന്നതാണ്.

EWS (Economically Weaker Section) സംവരണം PSC, UPSE, SSC, Railway, Banking Service, UGC, NET, NEET തുടങ്ങി എല്ലാ തെരഞ്ഞെ

ടുപ്പുകളിലും 10% നീക്കിവച്ചിട്ടുണ്ട്. ഇത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നമ്മുടെ സമുദായ അംഗങ്ങൾക്ക് ജോലിയിലും +2 പഠനം ഉൾപ്പെടെയുള്ള ഉന്നതവിദ്യാഭ്യാസ അഡ്മിഷനുകളിലും ഏറെ പ്രയോജനപ്പെടും.

EWS സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നിബന്ധനകൾ :

a) കേരളസർക്കാർ സ്ഥാപനങ്ങളിലേക്ക്

കുടുംബവാർഷിക വരുമാനം : 4 ലക്ഷം രൂപാ വരെ (കുടുംബം എന്നത് അപേക്ഷകൻ, മാതാപിതാക്കൾ, 18 വയസ്സിനു താഴെ കുടുംബത്തിലുള്ളവർ എന്നാണ് വിവക്ഷ).

കുടുംബത്തിനുള്ള ഭൂമി: ഗ്രാമപ്രദേശങ്ങളിൽ 2½ ഏക്കർ വരെ / മുനിസിപ്പൽ പ്രദേശങ്ങളിൽ 75 സെന്റുവരെ / കോർപറേഷനുകളിൽ 50 സെന്റുവരെ. കൃഷിഭൂമി എന്ന് പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ മുനിസിപ്പാലിറ്റികളിൽ 20 സെന്റും കോർപറേഷനുകളിൽ 15 സെന്റുംവരെ ഭൂമിയുള്ളവർക്കേ സർട്ടിഫിക്കറ്റിന് അർഹതയുണ്ടാവൂ.

b) കേന്ദ്രസർക്കാർ സ്ഥാപനങ്ങളിലേക്ക്

കുടുംബവാർഷിക വരുമാനം : 8 ലക്ഷം രൂപ വരെ

കുടുംബത്തിനുള്ള ഭൂമി : 5 ഏക്കർ കൃഷി ഭൂമി വരെ

ഹൗസ്പ്ലോട്ട് പഞ്ചായത്തിൽ 4.2 സെന്റുവരെ/ മുനിസിപ്പാലിറ്റിയിൽ 2.1 സെന്റുവരെ എല്ലായിടത്തും 1000 സ്ക്വയർ ഫീറ്റ് ആണ് വീടിന്റെ വിസ്തൃതിയിലുള്ള ഉയർന്ന പരിധി. കേരളത്തിൽ എല്ലാ സ്ഥലങ്ങളും പുരയിടങ്ങൾ എന്ന് രേഖപ്പെടുത്തുന്നതിനാൽ 4.2 സെന്റിൽ കൂടുതൽ ഭൂമി ഉള്ളവർക്ക് കേന്ദ്രമാനദണ്ഡ പ്രകാരമുള്ള സർട്ടിഫിക്കേറ്റ് ലഭിക്കാതെ വന്നേക്കാം. എന്നാൽ 5 ഏക്കർ വരെ നെൽവയൽ എന്നു രേഖപ്പെടുത്തുന്ന ഇടങ്ങളിൽ കേന്ദ്രമാനദണ്ഡ പ്രകാരമുള്ള സർട്ടിഫിക്കേറ്റ് ലഭിക്കുവാൻ തടസ്സമുണ്ടാകില്ല.

കേരള മാനദണ്ഡപ്രകാരമുള്ള EWS സർട്ടിഫിക്കറ്റുകൾ വില്ലേജ് ആഫീസർ ആണ് നൽകുക. കേന്ദ്രമാനദണ്ഡപ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ തഹസീൽദാറാണ് നൽകുക. രണ്ടു സർട്ടിഫിക്കറ്റുകൾക്കും വില്ലേജ് ആഫീസിൽ അപേക്ഷനൽകുന്നതാണ് ഉചിതം. ഇത്തരം കാര്യങ്ങൾ മനസ്സിലാക്കി നമ്മുടെ യുവജനങ്ങൾക്ക് നാട്ടിൽ തന്നെ ഉന്നതവിദ്യാഭ്യാസവും തൊഴിൽ അവസരങ്ങളും സൃഷ്ടിച്ചെടുക്കുവാൻ സാധിക്കും.

**പ്രിൻസ് ചക്കാലയിൽ**
(കോ.ഓർഡിനേറ്റർ)

## പ്രോലൈഫ് പ്രവർത്തനങ്ങൾ

ഈ വർഷത്തെ പ്രോലൈഫ് ദിനം മാർച്ച് 25 ന് സമുചിതമായി ആചരിച്ചു. അന്നേദിവസം രാവിലെ 9 മണിക്ക് അജാതശിശുക്കളുടെ സ്മാരകത്തിൽ അംഗങ്ങൾ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ കാർമ്മികത്വത്തിൽ പ്രാർത്ഥനാ ശുശ്രൂഷ നടത്തുകയുണ്ടായി. വികാരി ജനറാൾ ഫാ. ജോസഫ് വാണിയപുരയ്ക്കൽ, വികാരി ഡോ. ജോസ് കൊച്ചുപറമ്പിൽ, ഫാ. റ്റോബി പുളിയ്ക്കാശ്ശേരി, ഫാ. മാത്യു കരിക്കണ്ടം, പ്രിൻസ് ചക്കാല, സിന്നിച്ചൻ ചക്കുപുരയ്ക്കൽ എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

**അതിരൂപതാ പ്രോലൈഫ് സെൽ നാലാംവെള്ളി പ്രാർത്ഥനകൾ ഇനിമുതൽ നമ്മുടെ ദൈവാലയത്തിൽ**

അതിരൂപതാ പ്രോലൈഫ് സെല്ലിന്റെ ആഭിമുഖ്യത്തിൽ നാളിതുവരെ പാറേൽ പള്ളിയിൽ നടന്നുകൊണ്ടിരുന്ന പ്രോലൈഫ് ജപമാലയും ആരാധനയും ഇനി ഒരറിയിപ്പുണ്ടാകുന്നതുവരെ മെത്രാപ്പോലീത്തൻ പള്ളിയിൽ വച്ചായിരിയ്ക്കും നടത്തപ്പെടുക.

## മദ്യവിരുദ്ധ സമിതി

കേരളസർക്കാരിന്റെ പുതിയ മദ്യനയത്തിനെതിരെയും കേരളം മുഴുവൻ ബാറുകൾ തുറക്കുന്നതിനെതിരെയും അഭിവന്ദ്യ പെരുന്തോട്ടം പിതാവിന്റെ നേതൃത്വത്തിൽ ചങ്ങനാശ്ശേരിയിൽ വമ്പിച്ച പ്രതിഷേധം നടത്തുകയും ചങ്ങനാശ്ശേരി അതിരൂപത KCBC ഗവൺമെന്റിന്റെ മദ്യനയം തിരുത്തണം എന്ന് ആവശ്യപ്പെട്ട് നിവേദനം നൽകുകയും ചെയ്തു. നമ്മുടെ ഇടവകയിൽ നിന്ന് ഫാദർ റ്റോണി കരിക്കണ്ടത്തിൽ അച്ചന്റെ നേതൃത്വത്തിൽ ഇടവകയുടെ എല്ലാ സംഘടനയും പ്രതിഷേധപ്രകടനത്തിന് സഹകരിക്കുകയും ചെയ്തു. എല്ലാവർക്കും പ്രത്യേകമായ നന്ദിയും രേഖപ്പെടുത്തുന്നു. തിരുവനന്തപുരത്തെ വെഞ്ഞാറമൂട് പാസ്റ്റർസെന്റർ ജോഷി മഠത്തിൽപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ നടന്ന ധ്യാനത്തിനു നമ്മുടെ കൂട്ടായ്മയിൽ നിന്നും ബിജുകൊച്ചുപുരയ്ക്കലും ജോബി കല്ലുകളവും സിന്നിച്ചൻ ചക്കുപുരയ്ക്കലും തങ്കച്ചൻ പുതുപറമ്പിലും പങ്കെടുത്തു. ബ്രദർ വർഗ്ഗീസ് മാവേലിക്കരയുടെ വേളാങ്കണ്ണി തീർത്ഥാടനം എല്ലാമാസവും നടത്തുന്നുണ്ട്.

| | |
|---|---|
| പ്രസിഡന്റ് | സെക്രട്ടറി |
| **ബിജു കൊച്ചുപുരയ്ക്കൽ** | **ജോബി കല്ലുകളം** |

## കേരളാ ലേബർ മൂവ്മെന്റ് (K.L.M)

3.4.2022 ഞായറാഴ്ച 3 ന് കെ.എൽ.എം. അതിരൂപതാ സമിതിയുടെ നേതൃത്വത്തിലുള്ള നേതൃസംഗമം മെത്രാപ്പോലീത്തൻ പാരിഷ് ഹാളിൽ വച്ചു നടത്തപ്പെടുന്ന കാര്യം മുൻപ് സൂചിപ്പിച്ചിരുന്നുവല്ലോ. ആ പരിപാടി വളരെ ഭംഗിയായി നടത്തപ്പെട്ടു. തദവസരത്തിലുള്ള സമ്മേളനവേദിയിൽ നമ്മുടെ സ്നേഹ ബഹു. വികാരി ഫാ. ഡോ. ജോസ് കൊച്ചുപറമ്പിലച്ചൻ ആശംസാ പ്രസംഗം നടത്തുകയും നാളിതുവരെ വഹിച്ചിരുന്ന യൂണിറ്റ് ഡയറക്ടർ സ്ഥാനം ബഹു. വെട്ടുകുഴിയിലച്ചനെ ചുമതലപ്പെടുത്തിയ വിവരം അനൗൺസ് ചെയ്യുകയും ചെയ്തു. ടി സമ്മേളനത്തിൽ പുതിയ ഡയറക്ടറച്ചൻ ആശംസപ്രസംഗം നടത്തി. ഏപ്രിൽ മാസം 24-ാം തീയതി വെകുന്നേരം 7 മണിക്ക് ചന്തക്കടവ് തിരുക്കുടുംബ ദൈവാലയത്തിനു സമീപമുള്ള KLM സെന്റ് സെബാസ്റ്റ്യൻ സംഘം ഓഫീസിന്റെ മുൻപിൽ മെയ്ദിനറാലിയോടനുബന്ധിച്ചുള്ള പതാകദിനാചരണം നടത്തപ്പെട്ടു. പെരിയ ബഹു. വികാരി ഫാ. ഡോ. ജോസ് കൊച്ചുപറമ്പിലച്ചൻ പതാക ഉയർത്തി ആശംസകൾ നേർന്നു. തദവസരത്തിൽ യൂണിറ്റ് ഡയറക്ടർ ഫാ. അലൻ വെട്ടുകുഴി ആശംസകൾ നേർന്നു പ്രസംഗിച്ചു. ഈ പരിപാടികളിൽ ഞങ്ങളോടൊപ്പം പങ്കുചേർന്ന് ആശംസകൾ നേർന്ന പള്ളിയിലെ അസി. വികാരിമാരായ ബഹുമാന്യരായ ഫാ. റ്റോബി പുളിക്കാശ്ശേരിക്കും, ഫാ. റ്റോണി കരിക്കണ്ടത്തിനും KLM യൂണിറ്റിന്റെ ആദരപൂർവ്വകമായ നന്ദി രേഖപ്പെടുത്തുന്നു. ശേഷം മെയ്ദിനറാലിക്കൊരുക്കമായ പ്രവർത്തനങ്ങൾ ആരംഭിച്ചു ചങ്ങനാശ്ശേരി മെത്രാപ്പൊലീത്തൻ പള്ളിയിൽ വച്ചു നടത്തപ്പെടുന്ന മഹാസമ്മേളനത്തിലേയ്ക്ക് അരമനയിൽ നിന്ന് ആരംഭിച്ച റാലിയിൽ 3000ത്തോളം അംഗങ്ങൾ പങ്കെടുത്ത റാലിയിൽ മെത്രാപ്പോലീത്തൻ പള്ളി യൂണിറ്റിൽ നിന്നും 250 ഓളം അംഗങ്ങൾ പങ്കെടുത്തു.

സമ്മേളനം ഉദ്ഘാടനം ചെയ്ത അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിനും അധ്യക്ഷതവഹിച്ച അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേക്കളത്തിനും, ആശംസകൾ അർപ്പിച്ച പെരി. ബഹു. ജോസ് കൊച്ചുപറമ്പിലച്ചനും കോട്ടയം ജില്ലാ കളക്ടർ ഡോ. പി. ജെ. ജയശ്രീ IASനും നന്ദിയർപ്പിച്ചുകൊണ്ട്,

യൂണിറ്റ് കോ.ഓർഡിനേറ്റർ
**സിബിച്ചൻ ഇടശ്ശേരിക്കളം**

## യുവദീപ്തി-കെ.സി.വൈ.എം.

പ്രിയപ്പെട്ടവരെ,

2022 ഏപ്രിൽ മാസം 2-ാം തീയതി ബഹു. യുവദീപ്തി അതിരൂപതാ ഡയറക്ടർ ജോബിൻ ആനകല്ലുങ്കലച്ചന്റെയും കത്തീഡ്രൽ യുവദീപ്തി ഡയറക്ടർ ബഹു. റ്റോണി കരിക്കണ്ടത്തിൽ അച്ചന്റെയും നേതൃത്വത്തിൽ കത്തീഡ്രൽ യുവദീപ്തി 2022 വർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും മുമ്പോട്ടുള്ള പ്രവർത്തനങ്ങൾ വിശകലനം ചെയ്യുകയും ചെയ്തു. തുടർന്ന് കത്തീഡ്രൽ പുതിയ ഭാരവാഹികൾ ചുമതല ഏൽക്കുകയും തുടർന്ന് തങ്ങളുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. 2022 വർഷത്തെ യുവദീപ്തിയുടെ ആദ്യപ്രവർത്തനം ഈസ്റ്റർ മുട്ട വിതരണത്തിലൂടെയായിരുന്നു. ഈസ്റ്റർ രാവിന് മുമ്പ് തന്നെ ഇടവകകളിലെ എല്ലാ യുവതീയുവാക്കളും ഈസ്റ്റർ മുട്ടയുടെ പാചകത്തിനായി യുവദീപ്തി ഓഫീസിന് മുന്നിൽ സജ്ജീകരിച്ച പാചക പുരയിൽ വളരെ ഉഷാറായി തന്നെയുണ്ടായിരുന്നു. തുടർന്ന് ഈസ്റ്റർ രാത്രിയിലെ അഭിവന്ദ്യ പിതാവ് നേതൃത്വം നൽകുന്ന പരി. കുർബാനയിൽ പങ്കുചേരുകയും തുടർന്ന് എല്ലാ ഇടവകാംഗങ്ങൾക്കും ഈസ്റ്റർ മുട്ടയും കാപ്പിയും വിതരണം ചെയ്യുകയും ചെയ്തു.

കത്തീഡ്രൽ യുവദീപ്തിയുടെ നേതൃത്വത്തിൽ 'കൈത്താങ്ങ്' എന്ന പേരിൽ ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിന് സമീപമുള്ള ബാലികാ ഭവനിൽ ബഹു. ഡയറക്ടർ റ്റോണിയച്ചന്റെയും കത്തീഡ്രൽ യുവദീപ്തി പ്രവർത്തകരുടെയും നേതൃത്വത്തിൽ ഭക്ഷ്യധാന്യങ്ങളും മറ്റ് ആവശ്യ സാധനങ്ങളും എത്തിച്ച് നൽകി. 'കൈത്താങ്ങ്' എന്ന പ്രവർത്തനത്തിന്റെ ഭാഗമായി തന്നെ ഇടവകയിലെ നിർധനരായ കുറച്ച് കുട്ടികൾക്ക് സ്കൂൾ തുറക്കുന്നതിന്റെ ഭാഗമായി അവർക്കാവശ്യമായ ബുക്കും, പേനയും, പെൻസിലും അടക്കമുള്ള ഒരു കിറ്റ് എന്ന രീതിയിലും കത്തീഡ്രൽ യുവദീപ്തിയുടെ നേതൃത്വത്തിൽ നൽകാൻ സാധിച്ചിരുന്നു. ഇനിയും ഒരുപാട് കാര്യങ്ങൾ നമ്മുടെ ഇടവകകളിലും പരിസരത്തും കത്തീഡ്രൽ യുവദീപ്തിക്ക് ചെയ്യാൻ സാധിക്കട്ടെ അതിനുവേണ്ടി നമുക്ക് ഒന്നായി പ്രവർത്തിക്കാം. ഈശോനാം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവം,

**ജേക്കബ് ജോസഫ് കരിയാടിപറമ്പിൽ**
(പ്രസിഡന്റ് കത്തീഡ്രൽ യുവദീപ്തി)

**റ്റീനാ ചെച്ചോട്ട്**
(വൈസ് പ്രസിഡന്റ്)

# 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെ മെത്രാപ്പോലീത്തൻ ഇടവകയിൽ ചെയ്തിരിക്കുന്ന ജീവകാരുണ്യപ്രവർത്തനങ്ങൾ

| 1 | മെത്രാപ്പോലീത്തൻ പള്ളി | |
|---|---|---|
| 1 | ഭവന നിർമ്മാണം | 15,44,515.00 |
| 2 | ചികിത്സാ സഹായം (ക്യാൻസർ രോഗികൾക്കുൾപ്പടെ) | 4,09,368.00 |
| 3 | വിവാഹ സഹായം | 95,000.00 |
| 4 | വിദ്യാഭ്യാസ സഹായം & സ്കോളർഷിപ്പ് | 1,26,950.00 |
| 5 | മറ്റ് ജീവകാരുണ്യ പ്രവർത്തനങ്ങൾ | 35,938.00 |
| 6 | വികാർ ചാരിറ്റി ഫണ്ട് (12X 5000) | 60,000.00 |
| 7 | വികാർ ചാരിറ്റി (പേഴ്സണൽ) (മെയ് 15 വരെ) | 2,45,000.00 |

**വിവിധ സംഘടനകൾ ജീവകാരുണ്യത്തിനുവേണ്ടി നല്കിയത്**

| | | |
|---|---|---|
| 1 | സൺഡേസ്കൂളുകൾ | 1,65,000.00 |
| 2 | വിൻസന്റ് ഡി പോൾ സൊസൈറ്റി | 12,90,608.00 |
| 3 | യുവദീപ്തി | 15,000.00 |
| 4 | ദർശനസമൂഹം | 10,000.00 |
| 5 | കുടുംബകൂട്ടായ്മ | 10,000.00 |
| 6 | മാതൃ - പിതൃവേദി | 13,950.00 |
| | **ആകെ** | **40,21,329.00** |

| 2. ഗത്സെമനി ആശ്രമ ദൈവലയം, വാഴപ്പള്ളി | | |
|---|---|---|
| 1 | വിൻസെന്റ് ഡി പോൾ | 10,71,056.00 |
| 2 | ചികിത്സാ സഹായം | 3,68,140.00 |
| 3 | മറ്റ് ജീവകാരുണ്യ പ്രവർത്തനങ്ങൾ | 1,15,733.00 |
| | **ആകെ** | **15,54,929.00** |

**3. സെന്റ് ആന്റണീസ് ചർച്ച്, വെട്ടിത്തുരുത്ത്**

| | | |
|---|---|---|
| **1** | വിവാഹ സഹായം | 20,000.00 |
| **2** | ചികിത്സാ സഹായം | 10,000.00 |
| **3** | ഭവന നിർമ്മാണം | 15,000.00 |
| | **ആകെ** | **45,000.00** |

### 4. സെന്റ് മേരീസ് ചർച്ച്, വാഴപ്പള്ളി

| | | |
|---|---|---|
| 1 | ചികിത്സാ സഹായം | 30,000.00 |
| 2 | ഭവന നിർമ്മാണം | 97,000.00 |
| | **ആകെ** | **1,27,000.00** |

### 5. സെന്റ് ആന്റണീസ് ചർച്ച്, പെരുന്ന

| | | |
|---|---|---|
| | ജീവകാരുണ്യ പ്രവർത്തനങ്ങൾ | 50,000.00 |

### 6. സെന്റ് തോമസ് ചർച്ച്, പുഴവാത്

| | | |
|---|---|---|
| 1 | വിവാഹ സഹായം | 20,000.00 |
| 2 | ചികിത്സാ സഹായം | 20,000.00 |
| 3 | ഭവന നിർമ്മാണം | 20,000.00 |
| | **ആകെ** | **60,000.00** |
| | | |
| | **ആകെ മൊത്തം** | **58,58,258.00** |

**ഫാ. ഡോ. ജോസ് കൊച്ചുപറമ്പിൽ**
**വികാരി**

# ജലത്താലും ആത്മാവിനാലും

1. പുതുശ്ശേരി സജി-രാജി മകൻ ദേവസ്യാ 16.04.2022
2. വടക്കേപ്പറമ്പിൽ സന്തോഷ് - ബിജി മകൻ ആന്റണി 16.04.2022
3. കൂടത്തിങ്കൽ ബിജു - ലിജി മകൻ അന്ന 27.04.2022
4. കോട്ടയ്ക്കൽപറമ്പിൽ ജിസ് - സഞ്ചനാ മകൻ സെബാസ്റ്റ്യൻ 02.05.2022
5. പുത്തൻവീട് തോമസുകുട്ടി - മോളി മകൾ റോസ് 05.05.2022
6. കടേപ്പറമ്പിൽ ജിത്തു - മിന്നു മകൻ എബ്രഹാം 08.05.2022
7. കൊച്ചുപറമ്പിൽ ഗിരീഷ് - മെൽബി മകൻ ജോസഫ് 21.05.2022
8. കോയിപ്പള്ളി തോമസ് - എലിസബത്ത് മകൻ ജെയിംസ് 02.05.2022
9. തച്ചൻകരി ജോർജ് - അന്നമ്മ മകൻ സേവ്യർ 19.03.2022
10. കിഴക്കേൽ റ്റോംലിൻ - ജെസ്റ്റി മകൾ അന്നാ 04.04.2022
11. തേവലക്കര റ്റോബിൻ - അനു മകൾ മറിയം 01.05.2022
12. ചിറമുഖത്ത് സ്റ്റെവിൻ - മൂൺമൂൺ മകൻ അബിഗേയ്ൽ 15.05.2022
13. പൂവത്തുങ്കൽ ചെറിയാൻ - ക്രിസ്റ്റീന മകൻ ജോസഫ് 19.05.2022

# ദൈവം യോജിപ്പിച്ചത്

1. ഈ ഇടവക തലച്ചെല്ലൂർ ജോസഫ് - മറിയം മകൻ ജോണും ബാംഗ്ലൂർ ഇടവക മാളിയേക്കൽ ജോസഫ് - സിസിലി മകൻ തെരേസയും തമ്മിലുള്ള വിവാഹം • 30.03.2022
2. ഈ ഇടവക പാമ്പൂട്ടിത്തറ ജോബി - ലിസി മകൻ കാർമലും ഈ ഇടവക പാലത്തിങ്കൽ ഡൊമനിക് - ജീനാ മകൻ ത്രേസ്യാമ്മയും തമ്മിലുള്ള വിവാഹം • 21.04.2022
3. ഈ ഇടവക തൂമ്പുങ്കൽ ജോസഫ് - മേരി മകൻ ജോർജും വെരൂർ ഇടവക ഇലവുംമൂട്ടിൽ സ്കറിയ - അന്നമ്മ മകൾ അൽഫോൻസയും തമ്മിലുള്ള വിവാഹം • 27.04.2022
4. ഈ ഇടവക കന്യേകോണിൽ ജോസഫ് - റോസമ്മ മകൻ ആന്റണിയും മുണ്ടിയെരുമ ഇടവക അറയ്ക്കൽ ജെയ്ജു - ജെന്നി മകൾ സിസിലിയും തമ്മിലുള്ള വിവാഹം • 02.05.2022
5. ഈ ഇടവക കുന്നത്ത് ജോസഫ് - മോളി മകൻ ജോസഫും ഈ ഇടവക പുത്തൻവീട് തോമസുകുട്ടി - മോളി മകൾ റോസും തമ്മിലുള്ള വിവാഹം • 07.05.2022
6. ഈ ഇടവക ഊരാംവേലിൽ ആന്റണി - ലീലാമ്മ മകൻ ജേക്കബും കഞ്ഞിപ്പാടം ഇടവക വെളുത്തേടം മാർട്ടിൻ - ജെസി മകൾ അച്ചു മരിയയും തമ്മിലുള്ള വിവാഹം • 28.04.2022
7. ഈ ഇടവക പൊന്തോക്കൻ സണ്ണി - റൂബി മകൻ ഫ്രാൻസിസും പുത്തൻ പീടിക ഇടവക ചിറമ്മൽ ഫ്രാൻസിസ് ഷാലി മകൾ ഏൻമേരിയും തമ്മിലുള്ള വിവാഹം • 15.05.2022
8. ഈ ഇടവക പടവൻ ഷാജു - റോസമ്മ മകൻ ജോസഫും ചാഞ്ഞോടി ഇടവക വരവുകാലായിൽ ജോസഫ് - ജാൻസി മകൾ മരിയയും തമ്മിലുള്ള വിവാഹം • 18.05.2022

9. ഈ ഇടവക കുളത്തുങ്കൽ സ്റ്റെനിപോത്തൻ - ജോബിലി മകൻ ജോസഫും മണ്ണാറപ്പാറ ഇടവക മല്ലിശ്ശേരിൽ വർക്കി -ആൻസി മകൾ മേരിയും തമ്മിലുള്ള വിവാഹം • 21.05.2022

10. ഈ ഇടവക അഴിമുഖം ജോസഫ് - റോസമ്മ മകൻ മാത്യുവും പായിപ്പാട് ഇടവക പ്ലാംപറമ്പിൽ ബാബു -ത്രേസ്യാമ്മ മകൻ അന്നമ്മയും തമ്മിലുള്ള വിവാഹം • 23.05.2022

# ഉത്ഥിതനോടൊപ്പം

| | | |
|---|---|---|
| 1. | കാവാലം പുത്തൻപീടികയിൽ ത്രേസ്യാമ്മ ജോർജ് (84 വയസ്) | 26.03.2022 |
| 2. | പാണാട്ടിൽ ഏലിയാമ്മ വർഗീസ് (90 വയസ്) | 03.04.2022 |
| 3. | തച്ചങ്കേരിമറ്റം മറിയാമ്മ അലക്സാണ്ടർ (78 വയസ്) | 03.04.2022 |
| 4. | കുന്നുപറമ്പിൽ ജോസഫ് വർഗീസ് (78 വയസ്) | 23.04.2022 |
| 5. | പാലത്തുങ്കൽ പി.എസ്. ജോസഫ് (80 വയസ്) | 25.04.2022 |
| 6. | കുന്നംങ്കേരിൽ ബേബിച്ചൻ (87 വയസ്) | 01.05.2022 |
| 7. | കാർത്തികപ്പള്ളി കുഞ്ഞൂഞ്ഞമ്മ ജോയി (84 വയസ്) | 03.05.2022 |
| 8. | കരിമറ്റം ഔസേഫ് ദേവസ്യാ (96 വയസ്) | 06.05.2022 |
| 9. | കളപ്പുരയ്ക്കൽ കുഞ്ചെറിയ സ്കറിയ (75 വയസ്) | 07.05.2022 |
| 10. | കോട്ടയ്ക്കൽ തോമസ് ജോസഫ് (85 വയസ്) | 10.05.2022 |
| 11. | കലവറ ഫിലോമിന (89 വയസ്) | 23.05.2022 |
| 12. | പരിനിലം ജിജോ ജോൺസൺ (57 വയസ്) | 26.05.2022 |
| 13. | മുട്ടത്തുപാറ തങ്കമ്മ മാത്യു (71 വയസ്) | 26.05.2022 |

കരുതൽ 2022

കരുതൽ 2022 ധനസമാഹരണത്തിൽ സഹകരിച്ച എല്ലാവർക്കും ഇടവകയുടെ പേരിലുള്ള നന്ദി അറിയിക്കുന്നു. അതിരൂപതയിൽ ഏറ്റവും കൂടുതൽ തുക നല്കിയത് നമ്മുടെ ഇടവകയിൽ നിന്നാണ്. 10,00,163 രൂപ സമാഹരിക്കാൻ നമുക്കു കഴിഞ്ഞു.